ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# എറണാകുളം മിസ്സം



Vol. 64
No.: 3
MARCH 2021



www.ernakulamarchdiocese.org

# വാഴ്ത്തപ്പെട്ട റാണി മരിയ

തിരുനാൾ: ഫെബ്രുവരി 25



ERNAKULAM-ANGAMALY MAJOR ARCHEPARCHIAL

# എറണാകുളം മിസ്സം

BULLETIN

## വിഷയസൂചിക


| | |
|---|---|
| 4. | പ്രാർത്ഥനയിൽ അനുസ്മരിക്കാൻ |
| 5. | സർക്കുലർ: 29-മത് സീറോമലബാർ സിനഡ് |
| 10. | നോമ്പുകാല സന്ദേശം |
| 14. | മദ്യവിരുദ്ധ ഞായർ |
| 18. | യൗസേപ്പിതാവർഷം - വിചിന്തനങ്ങൾ<br>- യൗസേപ്പിതാവെന്ന ഭർത്താവ് |
| 24. | Engagements |
| 25. | കച്ചേരിക്കാര്യം |
| 25. | Transfers/Appointments |
| 30. | നിര്യാതരായി |
| 30. | AICO News |
| 31. | വാർത്തകളും വിശേഷങ്ങളും |
| 32. | കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി |
| 33. | Department of Catechesis |
| 35. | Department of Family Apostolate |
| 36. | Department of Bible Apostolate |
| 37. | സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്) |
| 40. | അതിരൂപതാ ഡയറി |


**Editor: Rev. Fr. Varghese Perumayan**

Volume : **64**
Issue No. : **3**
Month : **March 2021**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Subscription:**
Single copy: Rs. 15.00
Annual: Rs. 150.00

---

**Printed and Published by**
Fr. Jose Pollayil on behalf of the Archbishop of Ernakulam,
Major Archbishop's House, Ernakulam,
P.B.No. 2580, Kochi 682031.
Printed at Viani Printings, Viani Buildings,
Lisie Hospital Road, Ernakulam,
Kochi 682018.
Published from Major Archbishop's House,
Ernakulam, P.B.No. 2580, Kochi 682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Mampilly Joseph, N. Parur | 1886 | 1915 | 1-3-1935 |
| Fr. Thelakkat Xavier, East Cheranalloor | 1966 | 1993 | 1-3-2018 |
| Fr. Karedan Thomas, Muringoor | 1913 | 1937 | 6-3-1985 |
| Fr. Puduchery Thomas, Edad | 1926 | 1955 | 7-3-2008 |
| Fr. Kadavil Valiya Mathew, Pallipuram | 1884 | 1913 | 8-3-1964 |
| Fr. Elamkunnapuzha Paul, N. Parur | 1879 | 1905 | 8-3-1969 |
| Fr. Puthenkary John, Uzhuva | 1903 | 1933 | 9-3-1971 |
| Fr. Parayil Joseph, Vechoor | 1902 | 1929 | 10-3-1966 |
| Fr. Maniamkot Varghese, Chethikode | 1872 | 1897 | 12-3-1950 |
| Fr. Kavalakkatt Joseph, Kadukutty | 1869 | 1920 | 12-3-1955 |
| Fr. Kavalakkatt Antony, Annanad | 1940 | 1968 | 13-3-2017 |
| Fr. Thottappilly Joseph, Kaippattoor | 1931 | 1960 | 15-3-2012 |
| Fr. Pazhemadom Varghese, Vallakom | 1926 | 1954 | 16-3-2005 |
| Fr. Edangarpilly Jacob, Kumbalam | 1882 | 1911 | 22-3-1952 |
| Fr. Pulikalan Joseph, Cheranalloor | 1864 | 1889 | 23-3-1942 |
| Fr. Thazhathu John, Kothavara | 1891 | 1919 | 23-3-1983 |
| *Mar Antony Cardinal Padiyara, Manimala* | *1921* | *1945* | *23-3-2000* |
| Fr. Thenayan Thomas, Kanjoor | 1930 | 1959 | 24-3-2015 |
| Fr. Mampilly Kuriakose, Narakkal | 1951 | 1976 | 24-3-2017 |
| Fr. Maniamkot John, Chethikode | 1880 | 1912 | 29-3-1945 |
| Fr. Vadapuram Joseph, Chalil | 1932 | 1962 | 29-3-1997 |
| Fr. Chiramel George, Manjapra | 1916 | 1947 | 30-3-2010 |
| Fr. Malamel Gheevarghese, South Parur | 1854 | | 31-3-1906 |
| Fr. Koikara Joseph, Puthenpally | 1889 | 1915 | 31-3-1950 |

Prot. No. 0241/2021

# സിനഡ് അനന്തര സർക്കുലർ

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്
**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ

**മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,**

സീറോമലബാർ സഭയുടെ 29-ാം സിനഡിന്റെ ഒന്നാം സമ്മേളനം 2021 ജനുവരി 11 മുതൽ 16 വരെ കോവിഡിന്റെ പശ്ചാത്തലത്തിൽ ഓൺലൈനായി നടന്നു. നമ്മുടെ സഭയെയും വിശ്വാസത്തെയും സംബന്ധിക്കുന്ന ആത്മീയ സാമൂഹ്യ രാഷ്ട്രീയ വിഷയങ്ങളാണ് ആറുദിവസം നീണ്ട സിനഡിൽ ചർച്ചചെയ്തത്. കോവിഡിന്റെ പരിമിതികൾക്കുള്ളിലും വിശ്വാസവും സഭാസ്നേഹവും സജീവമായി നിലനിർത്താൻ സമർപ്പണ ബുദ്ധിയോടെ പ്രവർത്തിക്കുന്ന സഭാംഗങ്ങളെ സിനഡ് നന്ദിയോടെ അനുസ്മരിക്കുന്നു. വിശ്വാസത്തിലും പ്രത്യാശയിലും അധിഷ്ഠിതമായ സ്നേഹ സാന്നിധ്യം വഴി ലോകത്തിനു മുഴുവൻ മാർഗ്ഗദർശിയായ പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പായുടെ ധീരമായ നേതൃത്വത്തെ സിനഡ് പിതാക്കന്മാർ അഭിമാനത്തോടെ അനുസ്മരിച്ചു. *എല്ലാവരും സഹോദരർ* (Fratelli Tutti) എന്ന പാപ്പായുടെ പുതിയ ചാക്രികലേഖനം തികച്ചും സമയോചിതമായ സാമൂഹ്യബോധനമാണ്. കോവിഡിന്റെ അന്ധകാരത്തിനിടയിലും ദൈവം തെളിച്ച നക്ഷത്രങ്ങൾ പോലെ സീറോമലബാർ സഭയിൽ 235 നവവൈദികർ പുതുവർഷത്തിൽ അഭിഷിക്തരായി എന്നത് അഭിമാനകരമാണ്.

**അനുസ്മരണയും അഭിനന്ദനവും**

സീറോമലബാർ സഭയുടെ അഭിമാനമായിരുന്ന മാർ പോൾ ചിറ്റിലപ്പിള്ളി, ആർച്ചുബിഷപ്പ് ജോസഫ് ചേന്നോത്ത് എന്നീ പിതാക്കന്മാരുടെ ആകസ്മികമായ നിര്യാണത്തിൽ സിനഡ് പ്രാർത്ഥനാപൂർവ്വം അനു

ശോചനം രേഖപ്പെടുത്തി. തന്റെ ഇടയ ശുശ്രൂഷയിലൂടെ കല്യാൺ, താമരശ്ശേരി രൂപതകളുടെ സർവ്വതോമുഖമായ വളർച്ചയ്ക്കു നേതൃത്വം നൽകിയ അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവ് സീറോമലബാർ സഭയുടെ ആരാധനക്രമ നവീകരണത്തിനും സഭയുടെ പ്രത്യേക നിയമസംഹിത (Particular Law) യുടെ രൂപീകരണത്തിനും നൽകിയ സംഭാവനകൾ അവിസ്മരണീയങ്ങളാണ്. ജപ്പാനിലെ വത്തിക്കാൻ സ്ഥാനപതിയായി ശുശ്രൂഷ ചെയ്യുന്നതിനിടയിൽ നിത്യഭാഗ്യത്തിനായി വിളിക്കപ്പെട്ട ആർച്ചുബിഷപ് ജോസഫ് ചേന്നോത്ത് പിതാവിനെ ആ രാജ്യത്തിന്റെ ഉന്നത ബഹുമതി നൽകി ജപ്പാൻ ഗവൺമെന്റ് ആദരിച്ചത് നമുക്ക് ഏറെ അഭിമാനകരമാണ്. ഈ വന്ദ്യപിതാക്കന്മാരെ ദൈവം നിത്യസൗഭാഗ്യം നൽകി അനുഗ്രഹിക്കട്ടെ.

കോട്ടയം അതിരൂപതയുടെ പുതിയ സഹായമെത്രാനായി നിയമിതനായ ഗീവർഗീസ് മാർ അപ്രേം പിതാവിന് ഇടയവഴിയിൽ എല്ലാ നന്മകളും ഭാവുകങ്ങളും നേരുന്നു. സീറോമലബാർ സഭയും സീറോ മലങ്കരസഭയും തമ്മിലുള്ള ഹൃദ്യമായ സാഹോദര്യത്തിന്റെ സാക്ഷ്യമായി അഭിവന്ദ്യപിതാവിന്റെ നിയമനത്തെ നമുക്കു മനസ്സിലാക്കാം.

**യുവജന ശുശ്രൂഷകൾ**

സീറോമലബാർ സഭയുടെ ഔദ്യോഗിക യുവജന സംഘടന 'സീറോ മലബാർ യൂത്ത് മൂവ്മെന്റ്' (SMYM) ആണ്. കേരളത്തിലെ മൂന്ന് വ്യക്തിസഭകളിലെയും തനതു യുവജന സംഘടനകളുടെ കൂട്ടായ്മയായാണ് കെ. സി. വൈ. എം. പ്രവർത്തിക്കുന്നത്. അതിനാൽ SMYM ലെ അംഗത്വം വഴിയാണ് നമ്മുടെ സഭയിലെ യുവജനങ്ങൾ കെ. സി. വൈ. എം. ന്റെ ഭാഗമാകുന്നത്. സീറോമലബാർ സഭയിലെ 15 വയസ്സിനും 30 വയസ്സിനും ഇടയിൽ പ്രായമുള്ള എല്ലാ യുവജനങ്ങളും SMYM ന്റെ ഭാഗമാകണമെന്നാണ് സിനഡ് ആഗ്രഹിക്കുന്നത്. ഇതിനാവശ്യമായ നടപടിക്രമങ്ങൾ ഓരോ രൂപതയിലും സമയബന്ധിതമായി നടപ്പിലാക്കണമെന്ന യുവജനകമ്മീഷന്റെ നിർദ്ദേശം സിനഡ് അംഗീകരിച്ചു. 30 വയസ്സു പൂർത്തിയായ യുവജനങ്ങൾ കത്തോലിക്കാ കോൺഗ്രസ്സിൽ അംഗങ്ങളായി ചേർന്ന് സഭാശുശ്രൂഷയിൽ സജീവമാകണം. ഇതിനാവശ്യമായ ക്രമീകരണങ്ങൾ കത്തോലിക്കാ കോൺഗ്രസ്സിന്റെ സംഘടനാതലത്തിൽ വരുത്തുന്നതാണ്.

**ആരാധനക്രമം**

സഭയുടെ ആരാധനക്രമവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സിനഡ് വിശദമായ ചർച്ചകൾനടത്തി. കോവിഡിന്റെ പശ്ചാത്തലത്തിൽ മൃതദേഹങ്ങൾ ദഹിപ്പിക്കേണ്ട സാഹചര്യം ആരോഗ്യപരമായ കാരണങ്ങളാൽ ആവശ്യമായി വരുന്നുണ്ട്. വിശ്വാസികളുടെ മൃതദേഹം ദഹിപ്പിക്കുന്ന സന്ദർഭങ്ങളിൽ ഉപയോഗിക്കാനുള്ള പ്രാർഥനകൾക്കു സിനഡ് അംഗീകാരം നൽകിയിട്ടുണ്ട്. മൃതദേഹം ദഹിപ്പിക്കുന്ന സന്ദർഭങ്ങളിൽ ഇനിമേൽ ഈ ക്രമം അനുഷ്ഠിക്കേണ്ടതാണ്. ക്രൈസ്തവ വിശ്വാസത്തിൽ മൃതദേഹത്തോടു പുലർത്തുന്ന സവിശേഷമായ ആദരവ് സംസ്കരിക്കുമ്പോഴും ദഹിപ്പിക്കുമ്പോഴും ഒരുപോലെ പരിരക്ഷിക്കപ്പെടേണ്ടതാണ് എന്ന വസ്തുത സിനഡ് ആവർത്തിച്ച് ഓർമ്മിപ്പിക്കുന്നു.

നമ്മുടെ ആരാധനക്രമത്തിൽ വി. കുർബ്ബാനകളിൽ വായിക്കുന്നതിന് പരമ്പരാഗതമായുണ്ടായിരുന്ന വായനാ പഞ്ചാംഗത്തിനൊപ്പം മറ്റൊരു വായനാ പഞ്ചാംഗത്തിനുകൂടി സിനഡ് പരീക്ഷണാർത്ഥം അംഗീകാരം നൽകിയിട്ടുണ്ട്. അടുത്ത ആരാധനക്രമവത്സരത്തിൽ ഈ പുതുക്കിയ വായനാപഞ്ചാംഗമാണ് നാം ഉപയോഗിക്കുന്നത്. കൂടാതെ, സഭയിലെ വിവിധതിരുനാളുകളെ അവയുടെ പ്രാധാന്യത്തിനനുസരിച്ച് ക്രമീകരിച്ച പട്ടികയ്ക്കും സിനഡ് അംഗീകാരം നൽകി. സീറോമലബാർ സഭയുടെ യാമപ്രാർത്ഥനകൾ പരിഷ്കരിക്കുന്നതിനായുള്ള അവസാന വട്ടചർച്ചകളും സിനഡിൽ നടന്നു.

**ക്രൈസ്തവ പീഡനം**

ആഗോളതലത്തിൽ ക്രൈസ്തവർക്കെതിരായ പീഡനങ്ങൾ വർദ്ധിച്ചുവരുന്നതിൽ സിനഡ് ആശങ്കരേഖപ്പെടുത്തി. തങ്ങളുടെ ക്രിസ്തീയ വിശ്വാസത്തെപ്രതി പ്രതിദിനം 13 ക്രിസ്ത്യാനികൾ രക്തസാക്ഷിത്വം വരിക്കുന്നു എന്ന കണക്ക് ഭീതിപ്പെടുത്തുന്നതാണ്. 2020 ഡിസംബർ മാസത്തിൽ 750 ക്രൈസ്തവർ എത്യോപ്യായിൽ കൂട്ടക്കൊല ചെയ്യപ്പെട്ടത് ലോകമനസ്സാക്ഷിയെത്തന്നെ നടുക്കിയ സംഭവമാണ്. പീഡാനുഭവങ്ങളുടെയും രക്തസാക്ഷിത്വത്തിന്റെയും വഴികളിൽ തളരാത്ത വിശ്വാസതീക്ഷ്ണത പ്രകടമാക്കിയ ഈ ധീരരക്തസാക്ഷികളുടെ മാതൃക നമ്മുടെ വിശ്വാസജീവിതത്തെ പ്രചോദിപ്പിക്കേണ്ടതാണ്. തീവ്രമായ സഹനത്തിന്റെയും വ്യവസ്ഥയില്ലാത്ത ക്ഷമയുടെയും സുവിശേഷവഴികളിൽ ധീരമായി മുന്നേറാൻ പീഡിത സഭകളിലെ വിശ്വാസികൾക്കുവേണ്ടി നമുക്ക് തീക്ഷ്ണമായി പ്രാർത്ഥിക്കാം.

**കർഷക സമരം**

രാജ്യതലസ്ഥാനത്ത് മാസങ്ങളായി സമരമുഖത്തായിരിക്കുന്ന കർഷകരോട് സീറോമലബാർസഭ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. തങ്ങളുടെ ന്യായമായ അവകാശങ്ങൾപോലും കോർപ്പറേറ്റു മുതലാളിമാർക്ക് അടിയറവയ്ക്കേണ്ടിവരുന്ന സാഹചര്യമാണ് പുതിയ കാർഷിക ബില്ലിലൂടെ നടപ്പിലാകുന്നത് എന്ന കർഷകരുടെ ആശങ്ക പരിഹരിക്കപ്പെടേണ്ടതാണ്. കർഷകചന്തകൾ, ഉല്പന്നങ്ങളുടെ താങ്ങുവില, അവശ്യസാധനങ്ങളുടെ സംഭരണത്തിലെ നിയന്ത്രണ നിരോധനം, കോൺട്രാക്ട് ഫാമിംഗ് തുടങ്ങി ഒട്ടേറെ വിഷയങ്ങൾ പുതിയ കാർഷിക നിയമത്തിൽ കർഷകരെ ആശങ്കപ്പെടുത്തുന്നുണ്ട്. കർഷകരുമായി വേണ്ടത്ര കൂടിയാലോചനകൾ നടത്താതെയാണ് പുതിയ നിയമം നടപ്പിലാക്കിയത് എന്ന ആക്ഷേപത്തിനും പരിഹാരം കാണേണ്ടതുണ്ട്. രാജ്യത്തിന്റെ അന്നദാതാക്കളായ കർഷകർ തങ്ങളുടെ നിലനിൽപിനായി തെരുവിലിറങ്ങേണ്ടി വന്നത് അങ്ങേയറ്റം ദുഃഖകരമാണ്. കേരളത്തിലെ കർഷകർ അനുഭവിക്കുന്ന വിളകളുടെ വിലത്തകർച്ച, വന്യമൃഗശല്യം, ബഫർസോൺ പരിസ്ഥിതിലോല ഭീഷണികൾ എന്നിവയ്ക്കും ശാശ്വതമായ പരിഹാരം ആവശ്യമാണ്.

**സഭയിലെ അച്ചടക്കം**

കത്തോലിക്കാ സഭയുടെ കെട്ടുറപ്പിനും മഹനീയമായ മാതൃകയ്ക്കും കാരണമായവയിൽ സഭയിലെ അച്ചടക്കത്തിന് സുപ്രധാനമായ പങ്കാണുള്ളത്. സമീപകാലത്ത് സീറോമലബാർസഭയിലെ ചില വൈദികരും സമർപ്പിതരും അല്മായ നേതാക്കന്മാരും സഭയുടെ അച്ചടക്കത്തെയും കൂട്ടായമയെയും വെല്ലുവിളിക്കുന്ന നിലപാടുകളുമായി പരസ്യമായി രംഗത്തു വരുന്നതായി സിനഡ് വിലയിരുത്തി. സഭയുടെ ആഭ്യന്തര വേദികളിൽ ചർച്ച ചെയ്തു പരിഹരിക്കേണ്ട വിഷയങ്ങൾ പൊതുവേദികളിൽ വിവാദമാക്കുന്നതിലൂടെ സഭാഗാത്രത്തിനുണ്ടാകുന്ന മുറിവ് വലുതാണ്. സഭാപ്രബോധനങ്ങൾക്കും സഭാനേതൃത്വത്തിനും എതിരായ നിലപാടുകൾ സ്വീകരിക്കുന്നവരെ തിരുത്താനും ആവശ്യമെങ്കിൽ സഭാനിയമം അനുശാസിക്കുന്ന ശിക്ഷണ നടപടികൾ സ്വീകരിക്കാനും അതാതു രൂപതാദ്ധ്യക്ഷന്മാരെ സിനഡ് ചുമതലപ്പെടുത്തി.

മൗലികവാദങ്ങൾ സമൂഹത്തിന്റെ ഭദ്രതയ്ക്കും സമുദായസൗഹാർദ്ദത്തിനും ഹാനികരമാണ്. ഇതര മതങ്ങളുമായുള്ള ബന്ധം, ആരാധനക്രമം, സഭയിലെ കരിസ്മാറ്റിക് നവീകരണം തുടങ്ങിയ മേഖലകളിൽ

തികച്ചും മൗലികവാദപരവും വിഭാഗീയത ഉളവാക്കുന്നതുമായ ചില നിലപാടുകൾ സമീപകാലത്ത് മുളയെടുക്കുന്നതായി സിനഡ് വിലയിരുത്തി. ഇത്തരം മൗലികവാദപരവും അസഹിഷ്ണുത നിറഞ്ഞതും പ്രകോപനകരവുമായ പ്രവർത്തനങ്ങളും പ്രസ്താവനകളും സഭയിലും സമൂഹത്തിലും ഏറെ വിവാദങ്ങൾക്കും ഭിന്നതകൾക്കും കാരണമാകുന്നുണ്ട്. സഭയുടെ നന്മയെ ലക്ഷ്യമാക്കിക്കൊണ്ട് പ്രവർത്തിക്കുന്നു എന്ന് അവകാശപ്പെടുന്ന ഇത്തരം നിലപാടുകൾ വരുത്തുന്ന അപകടങ്ങൾ ദൂരവ്യാപകമാകയാൽ വിശ്വാസികൾ ജാഗ്രത പാലിക്കേണ്ടതാണെന്ന് സിനഡു വിലയിരുത്തി.

നമ്മുടെ കർത്താവീശോമിശിഹായുടെ പീഡാസഹനത്തെയും കുരിശുമരണത്തെയും അനുസ്മരിക്കുന്ന നോമ്പുകാലത്തിന്റെയും സമാഗതമാകുന്ന ഉയിർപ്പുതിരുനാളിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു. വി. യൗസേപ്പിതാവിന് സവിശേഷമാംവിധം സമർപ്പിതമായ ഈ വർഷത്തിൽ നിങ്ങളെയെല്ലാവരെയും ആ വത്സലപിതാവിന്റെ സംരക്ഷണയ്ക്കു ഭരമേല്പിക്കുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും മാധ്യസ്ഥ്യം നിരന്തരം നിങ്ങളോടൊത്തുണ്ടായിരിക്കട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2021-ാമാണ്ട് ഫെബ്രുവരി മാസം 10-ാം തീയതി നൽകപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

.............................................

N.B.: ഈ സർക്കുലർ 2021 മാർച്ച് 7-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. വിശുദ്ധ കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് ഏതെങ്കിലും രീതിയിൽ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.

# നോമ്പുകാല സന്ദേശം

മിശിഹായിൽ പ്രിയ വൈദികരേ, സന്ന്യസ്തരേ, മാതാപിതാക്കളേ, സഹോദരീ സഹോദരന്മാരേ, കുട്ടികളേ,

നമ്മുടെ കർത്താവിന്റെ മരുഭൂമിയിലെ ഉപവാസപ്രാർത്ഥനയെ അനുസ്മരിച്ചും അവിടുത്തെ പീഡാനുഭവരഹസ്യങ്ങളെ ക്രിയാത്മകമാംവിധം ധ്യാനിച്ചും വലിയ നോമ്പിലേക്ക് നമ്മൾ പ്രവേശിച്ചിരിക്കുകയാണല്ലോ. യോനാ പ്രവാചകന്റെ പ്രസംഗം കേട്ട് ചാക്കുടുത്ത് ചാരം പൂശി ഉപവാസമനുഷ്ഠിച്ച നിനവേ നിവാസികളുടെ ജീവിതത്തെയും ഇസ്രായേൽ ജനത്തിന്റെ മരുഭൂമിയിലൂടെയുള്ള യാത്രയേയും ഈ അവസരത്തിൽ നമ്മൾ അനുസ്മരിക്കുന്നു. യൗസേപ്പിതാവർഷമായി ഫ്രാൻസിസ് മാർപ്പാപ്പ പ്രഖ്യാപിച്ചിരിക്കുന്ന ഈ വർഷത്തിലെ നോമ്പുകാലത്ത് അനുവർത്തിക്കേണ്ട ഏതാനും മനോഭാവങ്ങളെക്കുറിച്ച് നിങ്ങളെ ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രധാനമായും നാലു ചിന്തകളാണ് നിങ്ങളുമായി ഞാൻ പങ്കുവയ്ക്കുന്നത്.

ഒന്നാമതായി, നോമ്പുകാലം ആത്മനിയന്ത്രണത്തിന്റെയും പരിത്യാഗത്തിന്റെയും ഒരു കാലഘട്ടമായിരിക്കണം. നോമ്പുകാലത്ത് നമ്മുടെ ജീവിതത്തിൽ ചില കാര്യങ്ങൾ വേണ്ടെന്നുവച്ചും പരിത്യാഗപ്രവൃത്തികൾ അനുഷ്ഠിച്ചും നമ്മൾ ആത്മനിയന്ത്രണം പാലിക്കുന്നു. പ്രധാനമായി, മാംസാഹാരം വർജിച്ചും അനുവദനീയമായ സുഖസൗകര്യങ്ങൾ വേണ്ടെന്നു വച്ചും ഈ കാലഘട്ടത്തിൽ വ്രതബദ്ധതയോടെ നമ്മൾ ജീവിക്കുകയാണ്. ലൗകികസുഖങ്ങളുടെ വശ്യതകളിൽ നിന്ന് ബോധപൂർവം മാറിനിൽക്കാനുള്ള മനോഭാവത്തോടെ വേണം നാമിതെല്ലാം അനുഷ്ഠിക്കുവാൻ. ഇന്നത്തെ ലോകം എല്ലാറ്റിനോടും Yes പറയുന്ന ഒരു ലോകമാണ്. എന്തും ആകാം എന്നു പറയുന്ന ഒരു സംസ്കാരമാണ് ലോകത്തിൽ വളർന്നുവരുന്നത്. എന്നാൽ ഒരു ക്രിസ്തുശിഷ്യന് എല്ലാറ്റിനോടും Yes പറയാൻ സാധിക്കില്ല എന്ന് സ്വയം ബോധ്യപ്പെടാനും മറ്റുള്ളവരെ ബോധ്യപ്പെടുത്താനുമുള്ള ഒരു അവസരമായി നോമ്പുകാലത്തെ നമ്മൾ സ്വീകരിക്കണം. മാത്രമല്ല, നോമ്പാചരണം നമ്മുടെ വീടുകളിലും സമൂഹങ്ങളിലും ബോധപൂർവം നടത്തുന്നതുവഴി നമ്മുടെ ഇളംതലമുറയും ആത്മനിയന്ത്രണത്തിന്റെയും പരിത്യാഗത്തിന്റെയും ആവശ്യകതയും പ്രാധാന്യവും മനസ്സിലാക്കുകയും അവ പരിശീലിക്കുവാൻ ഇടയാകുകയും ചെയ്യും.

നോമ്പാചരിച്ചു പരിശീലിക്കുന്ന കുട്ടികൾ ജീവിതത്തിലുണ്ടാകുന്ന പ്രതികൂല അനുഭവങ്ങളിൽ ആത്മനിയന്ത്രണം പാലിച്ചു പരിത്യാഗത്തോടെ ജീവിക്കുവാൻ കെല്പുള്ളവരായി തീരുകയും ചെയ്യും. ക്രിസ്തീയജീവിതത്തിന് ഇത്തരമൊരു പരിശീലനം ആവശ്യമാണ്. ഒരു വാഹനത്തിന് ബ്രേക്ക് നഷ്ടപ്പെട്ടാൽ അത് അപകടത്തിൽപ്പെടും. ഇതുപോലെയാണ് ആത്മനിയന്ത്രണമെന്ന കഴിവ് നേടാത്ത ഓരോ ക്രിസ്തുശിഷ്യന്റെ ജീവിതവും.

രണ്ടാമതായി, ഈ നോമ്പുകാലം നമ്മുടെ കർത്താവിന്റെ പീഡാനുഭവ രഹസ്യങ്ങളെ ധ്യാനിക്കാനുള്ള ഒരു അവസരമായി നാം കാണണം. നോമ്പുകാലത്ത് നമ്മൾ അനുഷ്ഠിക്കുന്ന കുരിശിന്റെ വഴി പ്രാർത്ഥന, പരിഹാരപ്രാർത്ഥനകൾ, പീഡാനുഭവധ്യാനം, കരുണക്കൊന്ത, മലയാറ്റൂർ തീർത്ഥാടനം എന്നിവയെല്ലാം ഇതിനു നമ്മെ സഹായിക്കുന്ന കാര്യങ്ങളാണ്. പാപത്തിന്റെ ബന്ധനത്തിൽ നിന്നും പിശാചിന്റെ അടിമത്തത്തിൽ നിന്നും നമ്മെ മോചിപ്പിക്കുവാനായി തന്നെത്തന്നെ മോചനദ്രവ്യമായി നല്കിയ നമ്മുടെ കർത്താവിന്റെ പീഡാസഹനങ്ങളെ ധ്യാനിക്കുകയും ഓരോ വിധത്തിൽ അതിൽ പങ്കുചേരുകയും ചെയ്യുന്നതുവഴി നമ്മൾ വിശുദ്ധീകരിക്കപ്പെടുന്നു. ഈശോ നമുക്കുവേണ്ടിയാണ് പീഡകൾ സഹിച്ച് മരിച്ചത് എന്ന ആഴമായ ബോധ്യം നമ്മിൽ ഓരോരുത്തരിലും നിറയാൻ ഈ ഭക്താനുഷ്ഠാനങ്ങൾ സഹായിക്കും. പാപം വഴി പിശാചിന് അടിമകളായി തീർന്ന മനുഷ്യകുലത്തെ രക്ഷിക്കുവാൻ വേണ്ടിയാണ് ദൈവപുത്രനായ ഈശോ തന്റെ ജീവൻ തന്നെ വിലയായി കൊടുത്തത്. ഈശോ ഇതുവഴി നമ്മോടു കാണിച്ച ആഴമായ സ്നേഹത്തിന് പ്രതിസ്നേഹമെന്നോണമായിരിക്കണം നമ്മൾ പീഡാനുഭവരഹസ്യങ്ങളെ ധ്യാനിക്കേണ്ടതും പീഡാനുഭവ ഭക്താനുഷ്ഠാനങ്ങളിൽ പങ്കുകൊള്ളേണ്ടതും. ഈശോയ്ക്ക് നമ്മളോടുള്ള സ്നേഹത്തിന്റെ അടയാളമാണ് ക്രൂശിതനായ ഈശോയുടെ രൂപം. കുരിശിന്റെ വഴിയിൽ ആ ക്രൂശിതരൂപം കരങ്ങളിൽ വഹിക്കുമ്പോഴും കുരിശിന്റെ ആശീർവാദം നമ്മൾ സ്വീകരിക്കുമ്പോഴും ആ വിശുദ്ധ കുരിശ് തൊട്ടുവണങ്ങുമ്പോഴും നമുക്കുവേണ്ടി പീഡകൾ സഹിച്ചു മരിച്ച ഈശോയോടുള്ള സ്നേഹം നമ്മിൽ നിറയണം. എങ്കിൽ മാത്രമേ ഈ ഭക്താനുഷ്ഠാനങ്ങൾ ഒരു ആത്മീയ അനുഭവമായി നമ്മുടെ ജീവിതത്തിൽ മാറുകയുള്ളൂ. അതിനാൽ ഈ ഒരു സ്നേഹത്തോടും ബോധ്യത്തോടും കൂടെ നോമ്പുകാല ഭക്താനുഷ്ഠാനങ്ങളിൽ പങ്കുചേരാൻ നമുക്കു ശ്രദ്ധിക്കാം.

മൂന്നാമതായി, ഈ നോമ്പുകാലം അനുതാപത്തിന്റെയും അനുരഞ്ജനത്തിന്റെയും അവസരമായി നാം മാറ്റണം. ഈശോ തന്റെ സുവിശേഷ പ്രഘോഷണം ആരംഭിക്കുന്നതുതന്നെ അനുതാപത്തിലേക്ക് എല്ലാവരേയും ക്ഷണിച്ചുകൊണ്ടാണ്. അവിടുന്നു പറഞ്ഞു: "സമയം സമാഗതമായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ. 1.15). മാമ്മോദീസാ വഴി പാപത്തിൽ നിന്നും മോചിതരായി ദൈവമക്കളായി ഉയിർത്തപ്പെട്ടവരാണ് നമ്മളെങ്കിലും മാനുഷികബലഹീനതകളാൽ നമ്മുടെ ജീവിതത്തിൽ പല തെറ്റുകളും കുറവുകളും സംഭവിച്ചെന്നുവരാം. ദൈവപ്രമാണങ്ങൾ ലംഘിച്ച് നമ്മൾ ദൈവത്തെയും സഹോദരങ്ങളെയും വേദനിപ്പിക്കാൻ ഇടയായിട്ടുണ്ടാകാം. നമ്മൾ ചെയ്യേണ്ട നന്മകൾ ചെയ്യാതിരുന്നതുവഴി മറ്റുള്ളവർക്ക് ലഭിക്കേണ്ട ദൈവാനുഗ്രഹങ്ങൾ ലഭിക്കാതെ പോയിട്ടുണ്ടാകാം. കർത്താവിന്റെ പീഡാരഹസ്യങ്ങളെക്കുറിച്ചുള്ള ഓർമ്മ നമ്മെ യഥാർത്ഥ അനുതാപത്തിലേക്കും അനുരഞ്ജനത്തിലേക്കും നയിക്കും. നമ്മൾ നമ്മുടെ പാപങ്ങളെ ഓർത്ത് അനുതപിച്ച് ദൈവത്തോടും സഹോദരങ്ങളോടും രമ്യപ്പെടണമെന്നുള്ളത് ദൈവത്തിന്റെ ആഗ്രഹമാണ്. അനുഞ്ജനത്തിന് നാം ഒരിക്കലും പരിധികൾ വയ്ക്കരുത്. മനുഷ്യജീവിതത്തിൽ തെറ്റുകൾ സംഭവിക്കുക സ്വാഭാവികവും മാനുഷികവുമാണ്. എന്നാൽ, അവയെക്കുറിച്ച് അനുതപിച്ച് അനുരഞ്ജനപ്പെടാതിരിക്കുന്നത് ദൈവതിരുമുൻപാകെ ഏറെ കുറ്റകരമാണ്. നമ്മുടെ കുടുംബത്തിലും സഭയിലും സമൂഹത്തിലും ഈയൊരു മനോഭാവം ശക്തമാകണം. അല്ലാത്തപക്ഷം അനുരഞ്ജനത്തിന്റെ കാൽവരിബലി അർപ്പിക്കാൻ നമുക്ക് യോഗ്യത ഉണ്ടാവില്ല. കുടുംബാംഗങ്ങൾ തമ്മിലോ, സമൂഹത്തിലെ മറ്റാരെങ്കിലുമായിട്ടോ എന്തെങ്കിലും കലഹമോ ഭിന്നതയോ ഉണ്ടെങ്കിൽ അവ പറഞ്ഞു തീർക്കാനുള്ള ഒരവസരമായി കൂടി ഈ നോമ്പുകാലത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് ജീവിതം ധന്യമാക്കി തീർക്കാൻ ഇടയാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

അവസാനമായി, ഈ നോമ്പുകാലം ആത്മശക്തീകരണത്തിനുള്ള ഒരു അവസരമായി കൂടി നമ്മൾ മാറ്റണം. വലിയ നോമ്പുകാലം അവസാനിക്കുന്നത് ഉത്ഥാനതിരുനാളിലാണ്. നമ്മുടെ കർത്താവിന്റെ പീഡാസഹനത്തിനും മരണത്തിനും അപ്പുറം മഹത്വത്തിന്റെയും മഹിമയുടെയും ഒരു ജീവിതമുണ്ടെന്ന കാര്യം നാം മറന്നു പോകരുത്.

ക്രിസ്തീയജീവിതം പരിത്യാഗത്തിലും പീഡാസഹനങ്ങളിലും അവസാനിക്കാനുള്ള ഒന്നല്ല, മറിച്ച് ഉത്ഥിതനായ കർത്താവിന്റെ മഹത്വപൂർണമായ ഒരു ജീവിതത്തിലേക്കുള്ള വിളിയാണെന്ന് ഉത്ഥാന തിരുനാൾ നമ്മെ അനുസ്മരിപ്പിക്കുന്നു. ഈയൊരു ബോധ്യമാണ് ക്രിസ്തുശിഷ്യരായ നമ്മെ ജീവിതസഹനങ്ങൾ ഏറ്റെടുക്കാൻ ശക്തിപ്പെടുത്തേണ്ടത്. പ്രത്യേകിച്ച്, കൊറോണയുടെ ഈ പ്രത്യേക സാഹചര്യത്തിൽ ഒത്തിരിയേറെ ബുദ്ധിമുട്ടുകളിലൂടെയും പരിമിതികളി ലൂടെയും നമ്മൾ കടന്നുപോവുകയാണ്. അവിടെയെല്ലാം യേശുവിന്റെ പീഡാനുഭവരഹസ്യങ്ങൾ നമുക്ക് ശക്തി പകരണം. ഉത്ഥിതനായ യേശുവിന്റെ മഹത്വപൂർണമായ തിരുമുഖം നമുക്ക് എപ്പോഴും ജീവിത സഹനങ്ങളെ ധീരതയോടെ ഏറ്റെടുക്കുവാനുള്ള പ്രചോദന മായിരിക്കട്ടെ.

പരിത്യാഗപ്രവൃത്തികളിലൂടെ ആത്മനിയന്ത്രണം പാലിച്ചും ഈശോയുടെ പീഡാനുഭവ രഹസ്യങ്ങളെ ധ്യാനിക്കുന്നതിലൂടെ അവിടുത്തെ സ്നേഹത്തിന്റെ ആഴവും അർത്ഥവും അറിഞ്ഞും അനുതാപത്തിലൂടെ ദൈവത്തോടും സഹോദരരോടും അനുരഞ്ജന പ്പെട്ടും ഉത്ഥിതനായ കർത്താവിനെ നോക്കി പ്രകാശിതരായും ജീവിക്കുവാൻ ഈ നോമ്പുകാലം ഏവരെയും സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. നമ്മുടെ ജീവിതസഹനങ്ങളിൽ തളരാതെ മുന്നേറുവാൻ ഈശോയുടെ പീഡാസഹനങ്ങൾ എന്നും നമുക്കു പ്രചോദനമായിരിക്കട്ടെ. ഫലദായകമായ ഒരു നോമ്പുകാലവും അനു ഗ്രഹപ്രദമായ ഉയിർപ്പുതിരുനാളും ഏവർക്കും ആശംസിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം,

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി
എറണാകുളം-അങ്കമാലി അതിരൂപത

.............................................

N.B.: ഈ സർക്കുലർ 2021 മാർച്ച് 14-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായി ക്കേണ്ടതാണ്.

Ref: 3442/K-5/KCBC/OL/DS 10-02-2021

# മദ്യവിരുദ്ധ ഞായർ

മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി
കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാസഭഭമാർച്ച് 14 മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. കോവിഡ്-19 എന്ന മഹാവ്യാധി ലോകമാസകലം ഭഭീഷണിയുയർത്തുന്ന ഒരുകാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. കോവിഡിന്റെ ആരംഭത്തിൽ ലോക്ഡൗൺ ആയിരുന്നതിനാൽ എല്ലാ മദ്യശാലകളും അടച്ചിട്ടിരുന്നു. എന്നാൽ, ഇപ്പോൾ മദ്യശാലകൾ തുറന്ന് യാതൊരുവിധ നിയന്ത്രണവുമില്ലാതെ മദ്യവിപണി സജീവമായിരിക്കുകയാണ്. കേരളത്തിൽ മദ്യത്തിന്റെ ഉപയോഗവും അനന്തര പ്രശ്നങ്ങളും ഗുരുതരമായ സാമൂഹ്യവിപത്തായിമാറിയിട്ടുണ്ട്. ഈ വിപത്തിൽ നിന്ന് മോചനം പ്രാപിക്കുവാനും, മദ്യവും മയക്കുമരുന്നും ഉണ്ടാക്കുന്ന ദൂരവ്യാപകമായ ദുരന്തങ്ങളെ സംബന്ധിച്ച് സമൂഹത്തിൽ ആവശ്യമായ ബോധവത്കരണത്തിനും വേണ്ടിയാണ് വലിയ നോമ്പിൽ മദ്യവിരുദ്ധ ദിനാചരണം നടത്തുന്നത്. സർക്കാരും കോടതികളും സാമൂഹ്യ - വിദ്യാഭ്യാസ പ്രവർത്തകരും മദ്യമെന്ന തിന്മയെ ചെറുത്ത് തോല്പിക്കണമെന്ന് ആഹ്വാനം ചെയ്യുന്നുണ്ട്. എന്നാൽ, ലഹരിയുടെയും മദ്യത്തിന്റെയും ഉപയോഗവും വിപണനവും നാൾക്കുനാൾ വർദ്ധിച്ചുവരുന്നു.

സർക്കാരിന്റെ അബ്കാരി നയപ്രഖ്യാപനത്തിലും രാഷ്ട്രീയ പാർട്ടികളുടെ പ്രകടന പത്രികകളിലും മദ്യം ഉപയോഗത്തെ സാമൂഹ്യ തിന്മയായും ജനങ്ങളുടെ ആരോഗ്യത്തേയും മനസിനെയും തകർക്കുന്ന ആഗോള പ്രശ്നമായും പറയുന്നുണ്ടെങ്കിലും പ്രായോഗികതലത്തിൽ ലഹരിയുടെ ഉപയോഗം അനുദിനം വർദ്ധിച്ചു വരികയാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പഞ്ചായത്ത്രാജിലെ 232, 447 വകുപ്പുകൾ സർക്കാർ റദ്ദുചെയ്തതുകാരണം നിരവധി മദ്യശാലകൾക്ക് മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും അനുമതി നല്കുകയുണ്ടായി.

അതുകാരണം ആർക്കും എവിടെയും മദ്യവില്പന തുടങ്ങാമെന്ന സ്ഥിതിവിശേഷം സംജാതമായി. ബാറുകളുടെ എണ്ണം 29-ൽ നിന്ന് 20 ഇരട്ടി വർദ്ധിച്ച് 586-ൽ എത്തി നില്ക്കുന്നു. ഒരു വർഷം അരി വാങ്ങാൻ 4500 കോടി രൂപാ കേരള സർക്കാർ ചിലവിടുമ്പോൾ മദ്യം വാങ്ങാൻ 15,000 കോടിയാണ് ചിലവഴിക്കുന്നതെന്ന് ഞെട്ടിക്കുന്ന കണക്കാണ് നാം കാണുന്നത്.

മദ്യശാലകൾ അടച്ചാൽ ടൂറിസം മേഖല തളർന്നു പോകുമെന്നത് വാസ്തവ വിരുദ്ധമായ പ്രചരണമാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ടൂറിസം വകുപ്പിന്റെ ഔദ്യോഗിക കണക്കു പ്രകാരം ബാറുകളടച്ചിട്ട 2016-നെക്കാൾ 1,15,053 വിദേശ ടൂറിസ്റ്റുകളും 4774 കോടി രൂപാ വരുമാനവും 2014-ൽ ലഭിച്ചു. ലഭ്യത കുറഞ്ഞപ്പോൾ വ്യാജമദ്യവും മയക്കുമരുന്നിന്റെ കള്ളക്കടത്തും വർദ്ധിച്ചുവെന്ന വ്യാജ പ്രചരണവും ഇപ്പോൾ നിലനില്ക്കുന്നില്ല. എന്നാൽ, ഇന്ന് സമൂഹത്തിൽ കണ്ടുവരുന്ന നിരവധി തിന്മകളുടെയും മൂലകാരണം മദ്യവും മറ്റുലഹരിവസ്തുക്കളുമാണെന്നുള്ളതാണ് യാഥാർഥ്യം. നിയമസഭാ തെരഞ്ഞെടുപ്പ് അടുത്ത് വരുന്ന സാഹചര്യത്തിൽ മുന്നണികൾ അവരുടെ മദ്യനയം എന്താണെന്ന് വ്യക്തമാക്കുകയും ആ നയം നടപ്പിലാക്കുകയുംവേണം. മദ്യസംസ്ക്കാരത്തെ പ്രോത്സാഹിപ്പിക്കുന്ന രാഷ്ട്രീയ പാർട്ടികളെ തിരിച്ചറിയുവാനും ഭരണത്തിൽ നിന്ന് അവരെ അകറ്റി നിർത്താനും ബാലറ്റിലൂടെ നമുക്ക് സാധിക്കണം.

സന്തോഷവും സമാധാനവുമുള്ള ഒരുജീവിതം ആഗ്രഹിക്കാത്തവരായി ആരെങ്കിലുമുണ്ടോ? എന്നാൽ, സ്വന്തം കുടുംബത്തേയും മറ്റുള്ളവരുടെ സ്വൈര്യ ജീവിതത്തെയും മദ്യ-ലഹരികൾക്ക് അടിമകളായിട്ടുള്ളവർ തകർത്തുകളയുന്നു. തിന്മയുടെ ഈ ശക്തികളെ സമൂഹത്തിൽ നിന്ന് പാടെപിഴുതെറിയണം. മനുഷ്യനെ മടിയനും മുടിയനും കുടിയനുമാക്കുന്ന ഈ വിപത്തിൽ നിന്ന് സഭയെയും സമൂഹത്തെയും രക്ഷിക്കാനുള്ള ദൗത്യം നാം ഏറ്റെടുക്കണം. മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി തകർന്നടിയുന്ന കുടുംബങ്ങളിലെ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും സ്ഥിതി എത്ര ശോചനീയമാണ്. ഭ'മദ്യം വിഷമാ'ണെന്നും ലഹരി സുബോധം നഷ്ടപ്പെടുത്തുമെന്നും അറിയാത്തവരില്ല. "മാരക വിഷമാണ് മദ്യം" എന്ന ലേബലിൽ മദ്യകച്ചവടം നടത്തുന്ന സർക്കാർ നയം എത്രയോ വൈരുദ്ധ്യാത്മകമാണ്. ഭരണഘടനയിൽ 47-ാം വകുപ്പ് പ്രകാരം ഔഷധത്തിനു മാത്രമെ മദ്യം ഉല്പാദി

പ്പിക്കാൻ പാടുള്ളു. "മദ്യപാനികൾ ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല" (1 കൊറി 6:10) എന്ന വേദവാക്യം നാം മറന്നു പോകരുത്. വീഞ്ഞുകുടിച്ച് ധീരത പ്രകടിപ്പിക്കാൻ ശ്രമിക്കണ്ട. "വീഞ്ഞ് അനേകരെ നശിപ്പിച്ചിട്ടുണ്ട്" (പ്രഭാ. 31 : 25). ഈ തിരുവചന ഭാഗങ്ങൾ നമ്മെ സംബന്ധിച്ച് വലിയ ഓർമ്മപ്പെടുത്തലുകളാകട്ടെ!

നമ്മുടെ നാട് ഇന്ന് അഭിമുഖീകരിക്കുന്ന ഭീഷണികളിൽ ഏറ്റവും വലുത് മദ്യപാനം കുടുംബങ്ങളെ തകർച്ചയിലേക്കു നയിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്. ഇത് മൂലം നാട്ടിൽ ക്രമസമാധാന നില തകരുന്നു, റോഡപകടങ്ങളും, പീഡനങ്ങളും, ആത്മഹത്യകളും വർദ്ധിക്കുന്നു. സാമ്പത്തിക ഭദ്രതയും ആരോഗ്യ നിലവാരവും തകർന്നടിയുന്നു. സ്ത്രീകളും യുവജനങ്ങളും വിശിഷ്യ കുട്ടികളും ഇന്ന് മദ്യത്തിനും മയക്കുമരുന്നിനും അടിമകളാകുന്നു എന്നുള്ള യാഥാർഥ്യം വിസ്മരിക്കുക തീർത്തും ആത്മഹത്യാപരമാണ്. ഈ മഹാവിപത്തുകളിൽ നിന്ന് നാടിനെയും സമൂഹത്തെയും രക്ഷിക്കുക എന്നുള്ളത് സഭാമക്കളായ നമ്മുടെ കടമയാണ്. ഭമദ്യവിമുക്തസഭയുംസമൂഹവുമെന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുവാൻ നമുക്ക് ഒത്തൊരുമിച്ച് പരിശ്രമിക്കാം. മദ്യത്തിന്റെ ദൂഷ്യം മാനവ സമൂഹത്തിന്റെ നാശമാണെന്ന ഉദാത്തമായ ആശയം ഉൾക്കൊണ്ടുകൊണ്ട് മദ്യത്തിനെതിരെ പോരാടാൻ നമുക്ക് കഴിയട്ടെ. മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരാൻ ഇടവകകൾതോറും കർമ്മനിരതരായ അംഗങ്ങളെ ചേർത്ത് യൂണിറ്റുകൾ രൂപീകരിക്കണം. നമ്മുടെ കലാലയങ്ങൾ ലഹരിവിമുക്ത ക്യാമ്പസുകളായി മാറണം. ദൈവത്തിന്റെ സ്വന്തം നാടായ കേരളവും കേരളജനതയും ഈ ലക്ഷ്യം കൈവരിക്കാനായി ജാഗ്രതയോടെ പ്രവർത്തിക്കുകയും തീക്ഷ്ണതയോടെ, പ്രാർത്ഥിക്കുകയുംവേണം. കെ.സി.ബി.സി. യുടെ മദ്യവിരുദ്ധ കമ്മീഷന് നിങ്ങൾ നൽകുന്ന എല്ലാ സഹായസഹകരണങ്ങൾക്കും ഹൃദയപൂർവ്വം നന്ദിയർപ്പിക്കുന്നു. തുടർന്നും പൂർവ്വാധികം ശക്തിയോടെ ഈ മേഖലയിൽ നമുക്ക് പ്രവർത്തിക്കാം.

നമ്മുടെ ഓരോ ഇടവകയിലും സ്ഥാപനത്തിലും മദ്യവിരുദ്ധ ഞായർ അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം. മാർച്ച് 14-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച രൂപതാ മദ്യവിരുദ്ധ സമിതിക്ക് നല്കി മദ്യവിരുദ്ധ പ്രവർത്തനങ്ങളെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് യൂഹാനോൻ മാർ തെയഡോഷ്യസ്**
(ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

**ബിഷപ് സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

**ബിഷപ് ക്രിസ്തുദാസ് ആർ.**
(വൈസ് ചെയർമാൻ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

പി.ഒ.സി, കൊച്ചി
കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം

..................................................

## അതിരൂപതാ ഡയറക്ടറി 2021

2021-22 വർഷത്തെ അതിരൂപതാ ഡയറക്ടറി പ്രസിദ്ധീകരിക്കുവാൻ തയ്യാറെടുക്കുന്നു. തിരുത്തലുകൾ **2021 മാർച്ച് 31-നകം** അതിരൂപതാ കച്ചേരിയിൽ എത്തിച്ചു തരണമെന്ന് താല്പര്യപ്പെടുന്നു.

**directoryekm@gmail.com**

**ബ. വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്:** താഴെപറയുന്ന വിവരങ്ങൾ എത്രയുംവേഗം ഇ-മെയിൽ ചെയ്യുമല്ലോ.

Church Name, Address, Tel./Mobile No., E-Mail
Number of Family Units, Houses
Number of Male, Female, Total Population

**ഫാ. ജസ്റ്റിൻ കൈപ്രമ്പാടൻ**
**വൈസ് ചാൻസലർ**

യൗസേപ്പിതാവർഷം – വിചിന്തനങ്ങൾ: 2

# യൗസേപ്പിതാവെന്ന ഭർത്താവ്

*റവ. ഫാ. ജസ്റ്റിൻ കൈപ്രമ്പാടൻ*

യൗസേപ്പിതാവ് ഒരു മിസ്റ്ററിയാണ്. ഇറങ്ങി ചെല്ലുന്തോറും ആഴം വർദ്ധിക്കുന്ന ജലാശയം കണക്കേ വ്യക്തിത്വമുള്ള ജോസഫിന്റെ ഭർതൃത്ത്വത്തിലേയ്ക്ക് ഒരെത്തിനോട്ടം. മൗനത്തിന്റെ വാത്മീകത്തിനകത്ത് വിശുദ്ധ ഗ്രന്ഥം ഈ മനുഷ്യന്റെ ജീവിതത്തെ ഒളിപ്പിച്ച് വച്ചിരിക്കുകയാണ്. കുടുംബം എന്ന സങ്കല്പത്തിലെ ഭർതൃവേഷത്തെ എങ്ങനെയാണ് ജോസഫ് മാതൃകാപരമായി വെളിപ്പെടുത്തുന്നതെന്ന് പരിശോധിക്കുകയാണ് ഇവിടെ.

**സ്നേഹിതൻ:** ലളിതമെന്ന് തോന്നുന്ന ഈ പദമാണ് ഏതൊരു ദാമ്പത്യത്തിന്റെയും അടിത്തറ. സ്നേഹത്തിന്റെ പല മാനങ്ങളിലുള്ള പൂവിടലാണ് ഓരോ കുടുംബത്തിലും നടക്കുന്നത്. സ്നേഹം സുന്ദര സ്വപ്നങ്ങൾ സൃഷ്ടിക്കുന്നു. സ്വപ്നങ്ങളൊക്കെ തകർന്നാലും യഥാർത്ഥ സ്നേഹം നിലനില്ക്കും. എന്തിനാണ് ജോസഫ് മറിയത്തെ രഹസ്യത്തിൽ ഉപേക്ഷിക്കാൻ തീരുമാനിച്ചത്? പരസ്യമായി ഉപേക്ഷിച്ച് നിയമത്തിന്റെ കരിങ്കൽച്ചീളുകൾക്ക് വിട്ടുകൊടുക്കാൻ അയാൾ തയ്യാറാകാതിരുന്നത് എന്തുകൊണ്ടായിരിക്കും? ഹൃദയത്തിന്റെ ആഴത്തിലെവിടെയോ നങ്കൂരമിട്ട സ്നേഹത്തിന്റെ ഭാരം അവനെ പരസ്യമായി മറിയത്തെ ഉപേക്ഷിക്കാൻ സമ്മതിച്ചില്ല. രഹസ്യത്തിൽ ഉപേക്ഷിക്കുന്നതിന്റെ അപകടം വഞ്ചകൻ എന്ന മുദ്ര കുത്തലായിരിക്കും എന്നറിയാമായിരുന്നിട്ടും ജോസഫ് ആ പാപഭാരം ഏറ്റെടുക്കുകയാണ്. തന്റെ പേര് ചീത്തയാകുമെന്ന തിരിച്ചറിവിലും താൻ സ്നേഹിക്കുന്ന പെണ്ണിന്റെ ദേഹത്ത് അവിശ്വസ്തതയുടെ ഒരു തരിമണ്ണ് വീഴരുതെന്ന കരുതലിനെ സ്നേഹം എന്നല്ലാതെ എന്ത് പേര് വിളിക്കും.

ജീവിതപങ്കാളിക്ക് വേണ്ടി ഏറ്റെടുക്കുന്ന സഹനമാണ് സ്നേഹം; ഉത്തരവാദിത്തമാണ് സ്നേഹം. ക്ഷമയാണ് സ്നേഹം. ഒരു തരത്തിലുള്ള സ്നേഹനിഷേധങ്ങളും ഉൾക്കൊള്ളാനാകാതെ ആത്മഹത്യയി

ലേയ്ക്കും ആസിഡ് ആക്രമണങ്ങളിലേക്കും കൊലപാതക കൈയ്യേറ്റങ്ങളിലേക്കും വീണുപോകുന്ന ഈ തലമുറയിലെ യുവഹൃദയങ്ങൾ ശരിയായ സ്നേഹത്തിന് സഹനത്തിന്റെ കൂർത്ത മുള്ളുകളുണ്ടെന്ന് മറന്നുപോകുന്നു. ഒരായുഷ്കാലം മുഴുവനുമുള്ള സ്നേഹമാണ് ജോസഫ് നല്കിയത്. സംശയത്തിന്റെ മുൾമുന കുത്തികയറുമ്പോഴും പരുക്കു പറ്റാതിരിക്കാനുള്ള അപാരമായ ശ്രദ്ധ ജോസഫ് കാണിച്ചത് മറക്കാൻ മറിയത്തിനോ യേശുവിനോ കഴിയില്ല. അതിന്റെ നീണ്ട കൈകളാണ് വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ കല്ലെറിയുന്നതിൽ നിന്ന് രക്ഷിക്കുന്നതും ഗുരുവിനെ നിഷ്ക്കരുണം തള്ളിപ്പറഞ്ഞ് ഓടിപ്പോകുന്ന ശിഷ്യരെ കുറ്റപ്പെടുത്തലിന്റെ ചാട്ടുളിയില്ലാതെ ഒരുമിപ്പിച്ച് കൂട്ടി പ്രാർത്ഥിക്കുന്നതും.

**സഹയാത്രികൻ:** ഇന്ന് മുതൽ മരണം വരെ പാലിച്ചുകൊള്ളാമെന്ന് സുവിശേഷഗ്രന്ഥം സാക്ഷിയാക്കി പ്രതിജ്ഞ ചെയ്യുന്ന ദമ്പതികൾ തങ്ങളുടെ ജീവിതം ഒരേ താളത്തിലാക്കാനുള്ള യാത്രയിൽ കൈകോർക്കുകയാണ്. സഹയാത്രികർ ഒരുമിച്ച് യാത്ര ചെയ്യുന്നവരാണ്. ജോസഫ് ഈ യാത്രികരുടെ മാതൃകയാണ്. ദൈവഹിതം സ്വപ്നത്തിലൂടെ വെളിപ്പെടുന്നതു മുതൽ ജോസഫ് മറിയത്തിന്റെ കരം പിടിക്കുകയാണ്. ജീവിതയാത്രയുടെ ഒരറ്റത്ത് നിന്ന് അവസാനം വരെ കൂടെ നടക്കുന്ന യൗസേപ്പിന് ഇനി നേരിടേണ്ടി വരിക കഠിനപാതകളാണ്. കല്ലും മുള്ളും നിറഞ്ഞ ആ ഇടുങ്ങിയ പാതയുടെ മറുപുറത്ത് സ്വപ്നം തന്ന ദൈവമുണ്ടെന്ന പ്രതീക്ഷയാണ് ബലം. വിശ്വാസത്തിന്റെ പൊതിച്ചോറാണ് ഈ യാത്രയിലെ അന്നം. അടഞ്ഞ വാതിലുകളാണ് അധികവും. കൊട്ടിയടയ്ക്കപ്പെടുന്ന സത്രങ്ങളുടെ വാതിൽ നിരാശയല്ല സമ്മാനിക്കുന്നത്. ഒരിടം – അത് കാലിത്തൊഴുത്താണെങ്കിൽ പോലും അവിടെ ജോസഫും കൂടെയുണ്ടാവും. നിസഹായതയുടെ അങ്ങേയറ്റത്ത് ഗർഭിണിയായ – തന്റെതല്ല എന്ന ഉറപ്പുണ്ടായിട്ടും – മറിയത്തെ ജോസഫ് കൈവിടുന്നില്ല. കൂടെ നടക്കാൻ തീരുമാനിച്ചവൻ ഇനി കുഞ്ഞിനെയും അമ്മയെയും കൂട്ടി അന്യദേശത്തേയ്ക്ക് പലായനം ചെയ്ത് അഭയാർത്ഥിയാകും. റാമായിലെ നിലവിളി കേൾക്കാതെ തന്റേതല്ലാത്ത കുഞ്ഞിനുവേണ്ടി ജീവൻ പണയം വച്ച് അവൻ കൂട്ടുനടക്കും. ഈജിപ്തിൽ എങ്ങനെയോ ജീവിച്ച് നസ്രത്തിന്റെ ശാന്തതയിലേയ്ക്ക്.

തിരികെയെത്തുന്ന തച്ചൻ ഉത്കണ്ഠയുടെ കൊടുമുടി കയറുന്നത് മകനെ കാണാതാകുമ്പോഴാണ്. ആരൊക്കെ കൂട്ടംതെറ്റിയാലും യൗസേപ്പും മറിയവും കൂട്ടംതെററില്ല. കാരണം, കണ്ണിലെ കൃഷ്ണ മണി പോലെ സൂക്ഷിക്കാനായി ദൂതൻ ഏല്പിച്ച മറിയത്തെ ഒരു മാത്ര പിരിഞ്ഞിരിയ്ക്കാൻ ജോസഫ് ആഗ്രഹിക്കുന്നില്ല. പിന്നെ കുഞ്ഞിനെ കണ്ടെത്തുമ്പോഴുള്ള നിശബ്ദ നെടുവീർപ്പ്. ശരിക്കും ആരാണ് എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചത്? മറിയം തന്നെ അത് സാക്ഷ്യപ്പെടുത്തുന്നുണ്ട്; "നിന്റെ പിതാവും ഞാനും ഉത്കണ്ഠയോടെ നിന്നെ അന്വേഷിക്കുകയായിരുന്നു." വാഴ്ത്തുകളൊക്കെ മറിയത്തിനാകുമ്പോഴും സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളെന്ന് ബന്ധുക്കൾ വിശേഷിക്കുമ്പോഴും ഒരു മാമുനി കണക്കേ വിശ്വസ്തതയുടെ കരംപിടിച്ച് യൗസേപ്പ് നടക്കുകയാണ്; നല്ല മരണത്തിന്റെ സ്വർഗീയ നിമിഷം വരെ.

**പരിമിതികളെ ഉൾക്കൊള്ളുന്നവൻ:** ഭർത്താവ് ഭരിക്കുന്നവൻ എന്നതിനെക്കാൾ ഭാരം വഹിക്കുന്നവൻ ആകുന്നതാണ് ഏതൊരു കുടുംബത്തിനും നല്ലത്. തീർച്ചയായും മറിയവും കുഞ്ഞും ഒരു ഭാരമല്ല. എന്നിരുന്നാലും ജോസഫ് എന്ന സാധാരണക്കാരനായ മനുഷ്യന് സ്വീകരിക്കേണ്ടിവന്ന സ്വർഗീയദൗത്യത്തിന്റെ വില നല്ല ഭാരമുള്ളത് തന്നെയായിരുന്നു. ദൈവത്തിന്റെ ഹിതത്തിനായി അതിസങ്കീർണസാഹചര്യങ്ങളിൽ ജോസഫ് കാത്തിരുന്നു. ദൈവത്തെ കേൾക്കാനും മറിയത്തെ കേൾക്കാനും കുഞ്ഞിനെ കേൾക്കാനും ക്ഷമയോടെ ജോസഫിനായി. അതുകൊണ്ടാണ് കുറവുകളുടെയും കുറ്റപ്പെടുത്തലുകളുടെയും കലഹവീടായി മാറേണ്ട നസ്രത്തിലെ ആ കൊച്ചുഭവനം തിരുക്കുടുംബമായി മാറിയത്. പുരുഷ മേധാവിത്വത്തിന്റെ കരിങ്കൽച്ചീളുകൾ തീപാറിച്ചിരുന്ന കാലഘട്ടത്തിലാണ് ജോസഫ് ദൈവകരുണയുടെ നിഴലായി മാറിയത്.

ഈ കുടുംബത്തെ തിരുക്കുടുംബമായി നിലനിർത്താൻ കുടുംബജീവിതത്തിന്റെ സുഖങ്ങളെ ഉപേക്ഷിക്കാൻ ജോസഫ് തയ്യാറായി. തെങ്ങിൽനിന്ന് വീണ് നടുവൊടിഞ്ഞ ഭർത്താവിനുവേണ്ടി ദീർഘകാലമായി കൂലിവേല ചെയ്തു ജീവിക്കുന്ന സ്ത്രീയുടെ ജീവിതസന്തോഷം എന്താണ്? താൻ വളർത്തുന്ന മകൻ ദൈവപുത്രനാണെന്നതിന് പ്രത്യക്ഷ അടയാളങ്ങളൊന്നും കാണാതെ മൺമറഞ്ഞുപോയ ജോസഫ് സമർപ്പണത്തിന്റെ ആൾരൂപമാണ്. കാനായിലെ കല്യാണ

വിരുന്നിനെങ്കിലും ജോസഫ് ഉണ്ടായിരുന്നെങ്കിൽ മഹത്വത്തിന്റെ മഹനീയ പുത്രനെയാണ് താൻ ഇത്രയും കാലം വളർത്തിയതെന്ന സംതൃപ്തിയെങ്കിലും ജോസഫിനുണ്ടായിരുന്നേനെ. 'ഇതാ കർത്താവിന്റെ ദാസി'യെന്ന് മറിയം വാക്കു കൊടുക്കുമ്പോൾ ഉണ്ടാകുന്ന എല്ലാ പരിമിതികളെയും ജോസഫ് ഉൾക്കൊള്ളുന്നു. പേരെഴുതിക്കാനായി ദേശം വിടുന്നതും ഭയത്തിന്റെ രക്തവഴികളിൽ നിന്ന് ഈജിപ്തിൽ അഭയാർത്ഥിയാകുന്നതും കുഞ്ഞിനെ കാണാതാകുന്നതിന്റെ ഉത്കണ്ഠയും ആ തച്ചന്റെ വിയർപ്പിൽ തണുത്തുപോകുന്നു.

ജോസഫ് സ്നേഹിതനായ സഹയാത്രികനാണ്. പരിമിതികളിലും സംതൃപ്തിയോടെ ജീവിക്കാനാവുമെന്ന് ലോകത്തെ കാണിച്ചു കൊടുത്ത കുടുംബനാഥനാണ് ജോസഫ്. തന്റെ ദാമ്പത്യ സുഖങ്ങളെയും കഠിനമായ അധ്വാനത്തിന്റെ ഫലങ്ങളെയും ദൈവഹിതത്തിന്റെ സ്വപ്നങ്ങൾക്കുവേണ്ടി ത്യജിക്കാനുള്ള മനസാണ് ജോസഫിനെ യൗസേപ്പിതാവാക്കി മാറ്റുന്നത്. അവന്റെ വടി പൂക്കും. കാരണം ജീവിതത്തിന്റെ ഊഷരഭൂമിയിലൂടെ പ്രത്യാശയുടെ സ്വപ്നം കണ്ടു നടന്നവനാണ് ജോസഫ്, ഏതൊരു ഭർത്താവിനെയും പോലെ.

---


## അനുമോദനങ്ങൾ!!!



സി.എസ്.റ്റി. ക്രിസ്തുജ്യോതി, പഞ്ചാബ് -രാജസ്ഥാൻ പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി തെരഞ്ഞെടുക്കപ്പെട്ട, എറണാകുളം-അങ്കമാലി അതിരൂപതാ മെട്രോപൊലിറ്റൻ ട്രിബ്യൂണലിൽ ജഡ്ജ് ആയി സേവനം ചെയ്തുവരുന്ന **റവ. ഡോ. സാജു കുത്തോടിപുത്തൻപുരയിൽ** അച്ചന് അതിരൂപതയുടെ സ്നേഹം നിറഞ്ഞ അനുമോദനങ്ങളും പ്രാർത്ഥനാശംസയും!!!

# അഭിവന്ദ്യ പടിയറ പിതാവിന്റെ 21–ാം ചരമവാർഷികം

(മാർച്ച് 23, ചൊവ്വ)




മാർച്ച് 23–ാം തീയതി രാവിലെ 6.30–ന് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ അഭിവന്ദ്യ **കർദിനാൾ മാർ ആന്റണി പടിയറ** പിതാവിനുവേണ്ടി സമൂഹബലിയും അനുസ്മരണ പ്രാർത്ഥനയും ഉണ്ടായിരിക്കും. ജനങ്ങളെ മുൻകൂട്ടി അറിയിച്ചുകൊണ്ട് നമ്മുടെ എല്ലാപള്ളികളിലും പിതാവിനുവേണ്ടി അന്നേദിവസം വിശുദ്ധ കുർബാനയും ഒപ്പീസും നടത്തേണ്ടതാണ്.

**ഫാ. ഹൊർമീസ് മൈനാട്ടി**
**സിഞ്ചെല്ലൂസ്**

# അഭിവന്ദ്യ വിതയത്തിൽ പിതാവിന്റെ 10-ാം ചരമവാർഷികം


(ഏപ്രിൽ 1, വ്യാഴം)



ഏപ്രിൽ 05-ാം തീയതി രാവിലെ 6.30-ന് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ അഭിവന്ദ്യ **കർദിനാൾ മാർ വർക്കി വിതയത്തിൽ** പിതാവിനുവേണ്ടി സമൂഹബലിയും അനുസ്മരണ പ്രാർത്ഥനയും ഉണ്ടായിരിക്കും. ജനങ്ങളെ മുൻകൂട്ടി അറിയിച്ചുകൊണ്ട് നമ്മുടെ എല്ലാപള്ളികളിലും പിതാവിനുവേണ്ടി വിശുദ്ധ കുർബാനയും ഒപ്പീസും നടത്തേണ്ടതാണ്.

**ഫാ. ഹൊർമീസ് മൈനാട്ടി**
**സിഞ്ചെല്ലൂസ്**

# E N G A G E M E N T S



## Archbishop Antony Kariyil
### Vicar of the Major Archbishop

## MARCH 2021

| | | | |
|---|---|---|---|
| 3 | pm | Malayattoor | Emmanuel Christeen Centre Blessing |
| 4 | am | Renewal Centre | Corporate Agency |
| 6 | pm | Annanad | Holy Mass & Jubilee |
| 7 | am | Ezhattumugham | Parish Declaration |
| 11 | pm | Kadukutty | Parish Hall Blessing |
| 14 | am | Minor Seminary | Parents' Day |
| 18 | am | Angamaly | CSN Jubilee |
| 19 | pm | Lisie Hospital | Blessing |
| | | Basilica, Ekm. | Holy Mass - St. Joseph's Feast |
| 21 | am | Renewal Centre | KCYM meeting (Election) |
| | pm | Kottamam | Eucharistic Procession, Message |
| 23 | am | Basilica, Ekm. | Holy Mass - Cardinal Antony Padiyara Death Anniversary |

* * * * *

കച്ചേരികാര്യം

# Transfers/Appointments

**Rev. Fathers**

**January 2021** (Already effected)

| | |
|---|---|
| Vadakkepurathan Rinu RCJ | Kunnel (Alangad) Asst. |

**February 2021** (Already effected)

| | |
|---|---|
| Adambakallel Joju (Chacko) CST | Malayattoor-Kurisumudy - Help |
| Kannampuzha Pathrose (Joshy) | Narakkal Asst |

## March 13, 2021

| | |
|---|---|
| Avallil Xavier | Karukutty |
| Ayyampally Alex MCBS | Relieved - Ambunadu |
| Bharanikulangara Paul (Jino) | Ambunadu |
| Chakian Paul | Priests' Home, Edakkunnu |
| Chakiath Elias (Biju) | Edayazham & Vaikom Welfare Centre Exe. Dir. |
| Channappallil Sebastian | Annanad |
| Cheranthuruthy Anto | Muttom |
| Cherpanath Shanly | Sebipuram (Relieved - Deepika RMO, Kochi) |
| Chirayath Prince MS | Vilangu |
| Edassery Antony (Darvin) | Kadamakudy |
| Eravimangalam Kuriakose (Jimmy) | Kuttipuzha |
| Kachappally Paul | Chethicode |
| Kachappilly Dominic | Chalil (Relieved - Mar Louis Asst. Manager) |
| Kachappilly Jacob (Vince) | Kottaparambu |
| Kadalikkattil Paul (Disto) | Olive Mount |

| | |
|---|---|
| Kalappurackal Sebastian | Elamkulam |
| Kalathil Antony (Diocese of Kohima) | Relieved - Parappuram |
| Kallungal Sebastian (Sen) | Thuravoor S. (Relieved - BMC Arts & Commerce, Choondy) |
| Kandathil Thomas (Tomy) | Meloor |
| Kannampilly Varghese (Baiju) | Rajagiri |
| Kannampuzha Peter OFM Conv. | Relieved - Santhigiri (Nalukettu) |
| Kannatt Thomas | Panavally |
| Kannattu John (Jibin) | Ezhattumugham |
| Karachira Jose | Campus Minister - Naipunnaya Pongam |
| Kariyil Thomas | Mambra |
| Karthanam Mathew (Jimmichan) | Thrikkakara |
| Kattakkakathoot Varghese | Priests' Home, Edakkunnu |
| Katteth George | Njaralloor |
| Kavalakkatt Paul | Retirement - Priests' Home, Edakkunnu |
| Kilukkan Thomas (Binto) | Edanad |
| Kizhakkettam Sebastian | Relieved - Kottaparambu (Leave for Renewal Course) |
| Kodakkathanathu Shijo VC | T. V. Puram |
| Kodiyan Paul Raj | Santhigiri (Nalukettu) |
| Koikkara Peter (Shabu) | Lisieu Nagar |
| Konuparamban Sebastian | Thevackal + CHAI-April (Relieved - L.F. Angamaly Asst. Dir.) |
| Koottunkal Job | Medical Leave |
| Koottunkal Sebastian | Kalambattupuram |
| Koovely Johnson | Vadayar |
| Koroth Jacob | Koovappadam (Addl.) |
| Kottakkal Paul (Jr.) | Pothy |
| Madan Paul | Aluva |

| | |
|---|---|
| Madassery Sebastian | Amalapuri (Addl.) |
| Madathumpady Antony | Edappally |
| Madavanakad Joseph (Jomon) | Gurukulam - Spiritual Father |
| Maippan Thomas (Ancil) | Ponnurunni - Sahrudaya Asst. Dir. |
| Malpan Rocky (Suresh) | Thanneermukkam |
| Manayampilly Paul | Koodalappad |
| Mangatt Thomas (Binu) | PDDP (Residence Kaipattoor) |
| Marottikudy Jacob | Subodhana - Spiritual Father |
| Meledath Paul (Jaison) | Deepika RMO, Kochi (Addl.) |
| Mullanchira Tom | Kadukutty |
| Mundadan Tharian | Chengamanad |
| Nangelimalil Rojan | Lisie Hospital Joint Dir. |
| Nazhiyampara Sebastian | Nadel (Relieved - PDDP) |
| Nellissery Sebastian | Parappuram |
| Njaliath Varghese Msgr. | Priests' Home, Edakkunnu |
| Njaliath Paul (Jery) | Study, Rome (Relieved - Lisie Hospital Asst. Dir.) |
| Padayattil Peter (Sajo) | Periyarmugham + BMC Arts & Commerce, Choondy Asst. Exe. Dir.) |
| Painumkal Justine HGN | Relieved - Vilangu |
| Painumkal Varghese | Thycattussery |
| Palatty Joseph (Sr.) | Priests' Home, Edakkunnu |
| Palatty Varghese (Sr.) | Karukutty - Resident Priest |
| Pallipatt Joseph (Jinu) | Chemmanathukara |
| Parackal Antony (Subin) | Kizhakkumbhagam |
| Parappuram Joseph | Champannoor N. |
| Paravara Antony | Champannoor S. |
| Parecattil Sebastian (Benny) | Aimury |
| Parevely Antony | Lisie Hospital - Spiritual Director |
| Plackal Joseph (Biju) | Chully |

| | |
|---|---|
| Plackal Vinod HGN | Srampickal |
| Poonoly Joy C.Ss.R | Relieved - Edanad |
| Pottackal Varghese | L. F. Hospital Director |
| Pulickal Varghese | Kidangoor (Relieved - Campus Minister Naipunnaya Pongam) |
| Punnakkal George (Baby) | Thiruhrudayakunnu |
| Punnakkal Varghese | Kavil |
| Purayidom Sebastian VC | Naduthuruth |
| Puthenmanayil Kuriakose | Retirement - Vijobhavan |
| Puthiyedath Jose | AICO Director (Addl.) |
| Puthussery Joseph (Joshy) | Panangad (Addl.) |
| Pynadath Sebastian | Priests' Home, Edakkunnu |
| Sankoorikal Joseph (Jomon) | Mankuzhy |
| Thaiparambil Varghese (Assin) | Study Leave (Resi. Aiswaryagram) (Relieved - Naipunnya Pongam Asst. Dir.) |
| Thekkinezhath Varghese (Renson) | Naipunnya Pongam Asst. Dir. |
| Thekkoodan Johnson CMI | Pallamthurath |
| Thelakkat Xavier | Mangalapuzha (Relieved - AICO Dir.) |
| Thenayan Paul | Retirement - Priests' Home, Edakkunnu |
| Thonikkuzhiyil Johnson Mathew O. Praem | Relieved - Olive Mount |
| Thottakkara Hormis | Chempu |
| Thottupuram John | Retirement (Yaanam - Chaplain) |
| Valavi Joseph | Nayathode |
| Vallooran Johnson | Kavaraparambu |
| Villiadath Tony (Chanda) | Elavoor (St. Mary's) |

**Chancellor**

# *New Office-Bearers*

## Little Flower Congregation (CST)

### St. Joseph's Province, Aluva

| | | |
|---|---|---|
| Provincial Superior | - | Fr. Francis Chittinappilly CST |
| Vicar Provincial | - | Fr. Antony Kannampilly CST |
| Councilors: | - | Fr. Tony Adukuzhiyil CST |
| | - | Fr. Linto ThakarappillyCST |
| | - | Fr. Alex Kumbidiyammackal CST |
| | - | Fr. Joby Chully CST |

---

## Sisters of Destitute (SD)

### St. Mary's Province, Chunangamvely

| | | |
|---|---|---|
| Provincial Superior | - | Sr. Raisy Thaliyan SD |
| Vicar Provincial | - | Sr. Linet Chakiath SD |
| Councilors: | - | Sr. Ann Paul Chettiyadan SD |
| | - | Sr. Hitha Koikkara SD |
| | - | Sr. Liji Valookkaran SD |
| | - | Sr. Josna Ayyanikatt SD |
| | - | Sr. Rincy Koottala SD |

***Congratulations and Prayerful Wishes to the New Office-Bearers***

# AICO
## (Archdiocesan Institutions' Central Office)

**ബോർഡ് മീറ്റിംഗ്**

ഫെബ്രുവരി-22 അങ്കമാലി ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ
ഫെബ്രുവരി-22 എറണാകുളം നൈപുണ്യ ഇന്റർനാഷണൽ
ഫെബ്രുവരി-24 ചൂണ്ടി ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്

**കൺസ്ട്രക്ഷൻ കമ്മിറ്റി/സൈറ്റ് മീറ്റിംഗ്**

തൃക്കാക്കര ഭാരത മാതാ കോളേജിൽ ഫെബ്രുവരി-3 ന് സ്ലാബ് കോൺക്രീറ്റിഗ്, ഫെബ്രുവരി-5 നും 19 നും സൈറ്റ് മീറ്റിംഗ്, ഫെബ്രുവരി-20 നു റീട്ടെയ്നിംഗ് വാൾ ടെണ്ടർ ഓപ്പണിംഗ് മീറ്റിംഗ്, ഫെബ്രുവരി-22 നു റീട്ടെയ്നിംഗ് വാൾ നെഗോസിയേഷൻ മീറ്റിംഗ് എന്നിവ നടത്തി.

**സൈറ്റ് വിസിറ്റ്**

ഫെബ്രുവരി-10 കറുകുറ്റി മാർ ലൂയീസ്,
ഫെബ്രുവരി-11 കൊച്ചി നൈപുണ്യ പബ്ലിക് സ്കൂൾ
ഫെബ്രുവരി-17 പൊതി പ്രീസ്റ്റ് ഹോം

**ഫാ. സേവ്യർ തേലക്കാട്ട്**
**ഡയറക്ടർ**

---



## നിര്യാതയായി



**സി. ക്രിസ്പിൻ F.C.C.**

കൃപാസദൻ, കൈപ്ര, ശ്രീമൂലനഗരം.

| | | |
|---|---|---|
| ജനനം | : | 28/06/1938 |
| വ്രതവാഗ്ദാനം | : | 08/05/1961 |
| മരണം | : | 11/02/2021 |

# വാർത്തകളും വിശേഷങ്ങളും

## മാർ ജോസഫ് പാസ്റ്റർ നീലങ്കാവിൽ നിര്യാതനായി

സാഗർ രൂപതയുടെ മുൻ ബിഷപ് മാർ ജോസഫ് പാസ്റ്റർ നീലങ്കാവിൽ (91) 2021 ഫെബ്രുവരി 17-ാം തീയതി നിര്യാതനായി. തൃശൂർ അതിരൂപത അരണാട്ടുക്കര ഇടവകാംഗമായ പിതാവ് 1960 മെയ് 17-ന് ബാംഗ്ലൂർ ധർമ്മാരാമിൽ പൗരോഹിത്യം സ്വീകരിച്ചു. 1987 ഫെബ്രുവരി 22-ന് സാഗർ രൂപതയുടെ രണ്ടാമത്തെ മെത്രാനായി നിയമിതനായി. തുടർന്ന്, 19 വർഷം സാഗർ രൂപതയെ നയിച്ചു. അഭിവന്ദ്യ പിതാവ് 2006 മുതൽ തൃശൂർ കുറ്റൂരിലെ സാഗർ മിഷൻ ഹോമിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു.

## രണ്ടു വനിതകൾക്കു കൂടി വത്തിക്കാനിൽ പ്രധാന പദവികൾ

മെത്രാൻ സിനഡിന്റെ കോ-അണ്ടർ സെക്രട്ടറിയായി സിസ്റ്റർ നതാലി ബെക്വാർട്ടിനെയും വത്തിക്കാൻ സിറ്റി രാഷ്ട്രത്തിന്റെ അപ്പീൽ കോടതിയിലെ പബ്ലിക് പ്രോസിക്യൂട്ടറായി കാറ്റിയ സമ്മറിയായെയും ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. ഈ പദവികളിൽ വനിതകൾ നിയമിക്കപ്പെടുന്നത് ആദ്യമായാണ്. മെത്രാൻ സിനഡിൽ പങ്കെടുക്കാൻ മാത്രമല്ല വോട്ടു രേഖപ്പെടുത്താനും സിസ്റ്റർ നതാലിക്ക് അവകാശമുണ്ടായിരിക്കും. സിനഡിലെ ചർച്ചകൾക്കു ശേഷം തയ്യാറാക്കുന്ന അന്തിമ രേഖ അംഗീകരിക്കുന്നതിനുള്ള വോട്ടെടുപ്പിൽ മെത്രാന്മാർക്കൊപ്പം അണ്ടർ സെക്രട്ടറിക്കും വോട്ടു രേഖപ്പെടുത്താം. ഇതിനു മുമ്പ് നിരീക്ഷകരായും ആലോചനക്കാരായും സ്ത്രീകളെ മെത്രാൻ സിനഡിൽ പങ്കെടുപ്പിച്ചിട്ടുണ്ടെങ്കിലും ഒരു സ്ത്രീക്ക് സിനഡിൽ വോട്ടവകാശം ലഭിക്കുന്നത് ആദ്യമായിട്ടാണ്. 52 കാരിയായ സിസ്റ്റർ നതാലി, ഫ്രാൻസ് സ്വദേശിയും സേവ്യർ മിഷണറി സിസ്റ്റേഴ്സ് എന്ന സന്യാസസമൂഹത്തിലെ അംഗവുമാണ്. വത്തിക്കാൻ സിറ്റി രാഷ്ട്രത്തിന്റെ അപ്പീൽ കോടതിയിൽ പ്രമോട്ടർ ഓഫ് ജസ്റ്റിസ് എന്ന പദവിയിൽ നിയമിതയായ കാറ്റിയ സമ്മേറിയ 72 കാരിയും രണ്ടു മക്കളുടെ മാതാവുമാണ്. ഇറ്റാലിയൻ കോടതികളിൽ ദീർഘകാലമായി അഭിഭാഷകയായി പ്രവർത്തിച്ചു വരികയായിരുന്നു.

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

Renewal Centre, Azad Road, Kaloor, Kochi 682017
E-mail: ernakulameducation@gmail.com

## അദ്ധ്യാപക ഒഴിവുകൾ

### അപേക്ഷകൾ ക്ഷണിക്കുന്നു

എറണാകുളം-അങ്കമാലി അതിരൂപത കോർപ്പറേറ്റ് മാനേജ്മെന്റിലെ വിവിധ സ്കൂളുകളിൽ ഒഴിവു വരാൻ സാധ്യതയുള്ള ഹൈസ്കൂൾ, U.P., L.P. അദ്ധ്യാപക തസ്തികകളിലേക്കും, ഉറുദു, ജൂനിയർ ഹിന്ദി, ജൂനിയർ സംസ്കൃതം, ജൂനിയർ അറബി തസ്തികകളിലേക്കും യോഗ്യരായ ഉദ്യോഗാർത്ഥികളിൽനിന്ന് നിശ്ചിത ഫോമുകളിൽ അപേക്ഷ ക്ഷണിക്കുന്നു. ഫോമുകൾ കോർപ്പറേറ്റ് ഏജൻസിയുടെ www.ernakulameducationcouncil.com എന്ന വെബ്സൈറ്റിൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ മാർച്ച് 22-ാം തിയതിക്കകം പ്രോസസിംഗ് ഫീസായ 300 രൂപയൊടൊപ്പം ഓഫീസിൽ ലഭിച്ചിരിക്കണം. എല്ലാ അപേക്ഷകരും അതത് വിഭാഗത്തിലുള്ള KTET യോഗ്യത പാസ്സായിരിക്കണം.

അപേക്ഷ സമർപ്പിച്ചവർക്കായി 10-04-2021 ശനിയാഴ്ച 10.30 മുതൽ 12.00 മണിവരെ താഴെപ്പറയുന്ന ആറു കേന്ദ്രങ്ങളിലായി പ്രാഥമിക എഴുത്തു പരീക്ഷ നടത്തുന്നതായിരിക്കും.

**പരീക്ഷ കേന്ദ്രങ്ങൾ**

1) അങ്കമാലി സെന്റ് ജോസഫ് ഹൈസ്കൂൾ
2) നോർത്ത് പറവൂർ സെന്റ് അലോഷ്യസ് ഹൈസ്കൂൾ
3) ആലുവ സെന്റ് മേരീസ് ഹൈസ്കൂൾ
4) കലൂർ സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ
5) എഴുപുന്ന സെന്റ് റാഫേൽസ് ഹൈസ്കൂൾ
6) വൈക്കം വെൽഫെയർ സെന്റർ

എഴുത്തു പരീക്ഷയിൽ ഉയർന്ന മാർക്കുള്ളവരെ വ്യക്തിപരമായ അഭിമുഖ പരീക്ഷ നടത്തിയാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്.

കോർപ്പറേറ്റ് സ്കൂളുകൾ നിലവിലുള്ള ഇടവകകളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനത്തിൽ മുൻഗണന ഉണ്ടായിരിക്കും.

കോർപ്പറേറ്റ് ഏജൻസിയുടെ ഹയർ സെക്കന്ററി സ്കൂളുകളിൽ ഒഴിവു വരുന്ന തസ്തികകളിലേക്കുള്ള അപേക്ഷകൾ പിന്നീട് പരസ്യം ചെയ്തു ക്ഷണിക്കുന്നതായിരിക്കും.

**ഫാ. പോൾ ചിറ്റിനപ്പിള്ളി**
**കോർപ്പറേറ്റ് മാനേജർ**

---

# വിശ്വാസപരിശീലനകേന്ദ്രം

- 2021 ഫെബ്രുവരി 18-ാം തീയതി ഫൊറോന ഡയറക്റ്റേഴ്സിന്റെ ഓൺലൈൻ മീറ്റിംഗ് നടത്തുകയുണ്ടായി.
- ഫെബ്രുവരി 21-ാം തീയതി Std. I - IX ക്ലാസ്സുകാർക്കുള്ള വാർഷിക ഇവാല്യുവേഷൻ ടെസ്റ്റ് നടത്തി. അതിരൂപത കേന്ദ്രത്തിൽ നിന്നും YouTube ലൂടെയും PDF ആയും സാധ്യത ചോദ്യങ്ങൾ നൽകുകയുണ്ടായി. കോവിഡ് വ്യാപനത്തിന്റെ ഭീതി ഇടവകകളിൽ ഉണ്ടെന്നറിഞ്ഞതിനാൽ ഓരോ ഇടവകയും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഓൺലൈൻ വഴിയായും പരീക്ഷകൾ നടത്തി. ഇതിനോട് സഹകരിച്ച വികാരിയച്ചന്മാർക്കും വിശ്വാസ പരിശീലകർക്കും വിശ്വാസപരിശീലനകേന്ദ്രത്തിന്റെ നന്ദി.
- Std. I - IX ക്ലാസ്സുകാരുടെ ഇവാല്യുവേഷൻ ടെസ്റ്റിന്റെ മാർക്കും, ഇന്റേണൽ അസ്സസ്സ്മെന്റ് മാർക്കും, ഹാജർശതമാനവും ഇടവക തലത്തിൽ അതത് സെമസ്റ്ററുകളുടെ സ്ഥാനത്ത് ഓൺലൈനിൽ രേഖപ്പെടുത്തേണ്ട അവസാന തീയതി 2021 ഏപ്രിൽ 14 ആണെന്ന കാര്യം ഓർമ്മപ്പെടുത്തുന്നു.
- മാർച്ച് മാസത്തിൽ ഫൊറോനതലത്തിൽ ഫൊറോന കൗസിലിന്റെയും പ്രധാനാധ്യാപകരുടെയും ഒരു സംയുക്ത മീറ്റിംഗ് നടത്തുവാൻ ഉദ്ദേശിക്കുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്ന

താണ്. പ്രസ്തുത മീറ്റിംഗിൽവച്ച് മുൻവർഷത്തെ കാറ്റക്കിസം സ്കോളർഷിപ്പ് സമ്മാനങ്ങളും നൽകുന്നതാണ്.

**ഏവൻഗെലിയോൻ മെഗാ ഗോസ്പൽ ക്വിസ്:**

- ഫെബ്രുവരി 6-ാം തീയതി വി. മത്തായിയുടെ സുവിശേഷത്തെ ആസ്പദമാക്കിയുള്ള മൂന്നാമത്തെ എപ്പിസോഡിൽ പങ്കെടുത്ത എല്ലാവർക്കും പ്രത്യേകിച്ച് സമ്മാനർഹരായവർക്ക് അഭിനന്ദന ങ്ങൾ. സമ്മാനർഹരുടെ പേരുകൾ താഴെ ചേർക്കുന്നു.

1. **Akhina Biju Menachery**
   St. Joseph Church, Vengoor **1st Prize Rs. 1001**
2. **Rosemary P. P. Palathingal**
   St. Mary's Forane Church, Thripunithura **2nd Prize Rs. 701**
3. **Anna Paul Puthuva**
   St. Augustine's Church, Pazhanganad **3rd Prize Rs. 501**

- 2021 മാർച്ച് 6-ാം തീയതി നടത്താനിരുന്ന വി. യോഹന്നാന്റെ സുവി ശേഷത്തെ ആസ്പദമാക്കിയുള്ള നാലാമത്തെ എപ്പിസോഡും, മാർച്ച് 20-ാം തീയതി ശനിയാഴ്ച നടത്താനിരുന്ന അഞ്ചാമത്തെ എപ്പിസോഡ് ആയ Grand Finale (നാല് സുവിശേഷങ്ങളെയും താരതമ്യം ചെയ്തുകൊണ്ടുള്ള Quiz Programme) യും ചില അസൗകര്യങ്ങളാൽ മാറ്റിവച്ചിരിക്കുന്നു. അതുസംബന്ധിച്ച വിശദവിവരങ്ങൾ പിന്നീട് നൽകുന്നതാണ്.

- 2021 മാർച്ച് 28-ാം തീയതി ഓശാന ഞായർ. വലിയ ബുധനാഴ്ച മുതൽ ഈസ്റ്റർ വരെ വിശ്വാസപരിശീലന കേന്ദ്ര ഓഫീസിന് അവധിയായിരിക്കും.

- ഏപ്രിൽ 5-ാം തീയതി മുതൽ ഏപ്രിൽ 9-ാം തീയതി വരെ ഇന്റൻസീവ് ബൈബിൾ കോഴ്സ്. വിശ്വാസപരിശീലനകേന്ദ്ര ത്തിൽനിന്നും നൽകുന്ന നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് അതി രൂപതാതലത്തിൽ ഇന്റൻസീവ് ബൈബിൾ കോഴ്സ് വിജയ പ്രദമായി നടത്തുവാൻ സഹകരിക്കണമെന്ന് താല്പര്യപ്പെടുന്നു.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

**Renewal Centre,** Kaloor. Tel.: 0484-2533077
**Jeevalaya Family Park,** Kalady. Tel.: 0484-2462607, 9387074649
**Vaikom:** 9495411200 • E-mail: familycentrekaloor@gmail.com

## 2021 March - April

## Marriage Orientation Programme (MOP)

| | | | |
|---|---|---|---|
| Mar 05-06 | Mar 26-27 | Apr 06-07 | Apr 20-21 |
| Mar 12-13 | Mar 29-30 | Apr 09-10 | Apr 23-24 |
| Mar 16-17 | | Apr 13-14 | Apr 30-May 01 |
| Mar 23-24 | | Apr 16-17 | |

## നിറവ് (യുവദമ്പതികൾക്ക് (ഓൺലൈൻ പ്രോഗ്രാം)

ഒരു വർഷത്തിനിടയിൽ വിവാഹിതരായ യുവദമ്പതികൾക്കായുള്ള തുടർപരിശീലന പരിപാടി എല്ലാ മാസവും നടത്തപ്പെടുന്നു. ലോക വിവാഹ ദിനമായ ഫെബ്രുവരി 14-ാം തിയതി ഈ പരിപാടിയ്ക്ക് ആരംഭംകുറിച്ചു. അടുത്ത പ്രോഗ്രാം മാർച്ച് 14-ന് നടത്തുന്നു. (പ്രവേശനം 100 ദമ്പതികൾക്ക് മാത്രം)

**ഓൺലൈൻ ബേബിഷൈൻ ധ്യാനം**

മാർച്ച് 5-7

**ഓൺലൈൻ ദമ്പതിധ്യാനം**

മാർച്ച് 19-21

**ഓൺലൈൻ യൂദിത്ത്ഷൈൻ ധ്യാനം (വിധകൾക്ക്)**

മാർച്ച് 26-28

**ഫാമിലി ഔവർ**

മാർച്ച് 6 യൂദിത്ത്ഫോറം
മാർച്ച് 13 ഗ്രെയ്സ്റിപ്പിൾസ്
മാർച്ച് 20 എം.സി.സി

**ഗ്രെയ്സ്റിപ്പിൾസ് റീജണൽ മീറ്റ്**

മാർച്ച് 7 കൊരട്ടി, കാഞ്ഞൂർ, കിഴക്കമ്പലം, ഇടപ്പള്ളി, എറണാകുളം, ചേർത്തല

മാർച്ച് 7 കറുകുറ്റി,വല്ലം,മഞ്ഞപ്ര, പറവൂർ, അങ്കമാലി
മാർച്ച് 14 മൂക്കന്നൂർ, മൂഴിക്കുളം, തൃപ്പൂണിത്തുറ, വൈക്കം, പള്ളിപ്പുറം

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

---

# Department of Bible Apostolate

## വിശുദ്ധവാരം: പ്രസംഗങ്ങളും ആരാധനകളും

അതിരൂപതാ ബൈബിൾ അപ്പസ്തോലേറ്റ് കേന്ദ്രം തയ്യാറാക്കി സെ. പോൾസ് പബ്ലിക്കേഷൻസ് പ്രസിദ്ധീകരിക്കുന്ന പുസ്തകമാണ് "വിശുദ്ധവാരം: പ്രസംഗങ്ങളും ആരാധനകളും." വചനപഠനത്തിനും ധ്യാനത്തിനും പ്രാർത്ഥനയ്ക്കും ഉപകാരപ്രദമായ പുസ്തകങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായാണ് ഈ ഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നത്. വൈദികരും സന്യസ്തരും അല്മായരുമടങ്ങുന്ന മുപ്പതോളം പേരുടെ രചനകളാണ് ഇതിലുള്ളത്. പുസ്തകരചനയിൽ സഹകാരികളായ എല്ലാവർക്കും പ്രത്യേകം നന്ദി പറയുന്നു.

ഓശാന, പെസഹാ, ദു:ഖവെള്ളി, ഈസ്റ്റർ, പുതുഞായർ - എന്നീ ദിവസങ്ങൾക്കോരോന്നിനും അഞ്ചു വീതം പ്രസംഗങ്ങളും പെസഹാദിനത്തിനായി അഞ്ച് ആരാധനകളുമാണ് ഈ ഗ്രന്ഥത്തിലുള്ളത്. വചനഭാഗങ്ങളുടെ ആഴമേറിയ പഠനങ്ങളും കാലാനുസൃതമായ ധ്യാനചിന്തകളും ഇതിൽ ഉൾച്ചേർന്നിരിക്കുന്നു. വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങൾക്കും നോമ്പുകാല - ഉയിർപ്പുകാല ധ്യാനത്തിനും ഈ ഗ്രന്ഥം സഹായകമാകും. 170 രൂപാ മുഖവിലയുള്ള ഈ പുസ്തകം കുറഞ്ഞ നിരക്കിൽ അതിരൂപതാ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്. എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുന്നു.

**ഫാ. ജോഷി പുതുശ്ശേരി**
**ഡയറക്ടർ**

## ആശ്വാസ് ഇൻഷുറൻസ് മൂന്നാം ഘട്ടം 2021 മാർച്ച് 25 മുതൽ

സഹൃദയ സ്റ്റാർ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് നടപ്പാക്കിവരുന്ന 'ആശ്വാസ് മെഡി ക്ലെയിം ഇൻഷുറൻസ് പദ്ധതി'യുടെ രണ്ടാം ഘട്ടം മാർച്ച് 24-ന് അവസാനിക്കുന്നു. ഈ പദ്ധതിവഴി ഫെബ്രുവരി മാസം വരെ 891 ക്ലെം വഴി 1,38,80,144/- രൂപ ചികിത്സ സഹായമായി വിതരണം ചെയ്യാൻ കഴിഞ്ഞു. സാധാരണ മെഡിക്ലെയിമുകളിൽ നിന്ന് വ്യത്യസ്തമായി കൊറോണ ചികിത്സയ്ക്കും ഈ പദ്ധതിവഴി ചികിത്സാ സഹായം നൽകിയിട്ടുണ്ട്. മൂന്നാം ഘട്ടം 2021 മാർച്ച് 25-ന് ആരംഭിക്കുന്നു. പദ്ധതിയിൽ ചേരുന്നതിന് 2021 മാർച്ച് 10 വരെ അപേക്ഷ നൽകാവുന്നതാണ്. വിശദവിവരങ്ങളും അപേക്ഷാ ഫോമുകളും എല്ലാ ഇടവകകളിലേക്കും നൽകിയിട്ടുണ്ട്.

### കാർബൺ ഫാസ്റ്റിങ് പദ്ധതി

അന്തരീക്ഷത്തിൽ കാർബൺ അധികമാകുന്നത് തടയാൻ കാർബൺ ഫാസ്റ്റിങ് പദ്ധതിയുമായി സഹൃദയ. പരിസ്ഥിതി സൗഹൃദ ജീവിത ശൈലിയുടെ പ്രോത്സാഹനത്തിലൂടെ ആഗോളതാപനവും അതിന്റെ പരിണതഫലങ്ങളായ കാലാവസ്ഥാവ്യതിയാനം, ആകസ്മിക ദുരന്തങ്ങൾ തുടങ്ങിയവ കുറയ്ക്കാനും ഉള്ള ശ്രമങ്ങളിൽ ജനങ്ങൾക്ക് ബോധവത്കരണം നൽകുകയെന്നതാണ് കാർബൺ ഫാസ്റ്റിംഗിന്റെ ലക്ഷ്യം.

### നോമ്പുകാല ജീവകാരുണ്യനിധി

വിശപ്പിനും രോഗത്തിനുമെതിരെയുള്ള കാരിത്താസ് ഇന്ത്യയുടെ നോമ്പുകാല ജീവകാരുണ്യനിധി സമാഹരണത്തിന്റെ സംസ്ഥാനതല

ഉദ്ഘാടനം സഹൃദയയുടെ സഹകരണത്തോടെ തൃപ്പുണിത്തുറ ഫൊറോനാ പള്ളിയിൽ സംഘടിപ്പിച്ചു. സിറോമലബാർ സഭാ കൂരിയ മെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ ഉദ്ഘാടനം നിർവഹിച്ചു.

## സഹൃദയ ടെലി മെഡിസിൻ പദ്ധതി

എറണാകുളം ലിസി ആശുപതിയുടെ സഹകരണത്തോടെ കാൻസർ രോഗികൾക്കായി സഹൃദയ ടെലി മെഡിസിൻ പദ്ധതി ലോക കാൻസർ ദിനമായ 2021 ഫെബ്രുവരി 4-ന് ആരംഭിച്ചു. ശനിയാഴ്ച വൈകുന്നേരങ്ങളിൽ കാൻസർ രോഗവിദഗ്ധനുമായി ഫോണിൽ സൗജന്യ കൺസൾട്ടേഷൻ, സബ്സിഡി നിരക്കിൽ മരുന്നുകൾ തുടങ്ങിയവ ഈ പദ്ധതിയുടെ ഭാഗമാണ്. കാൻസർ ചികിത്സമൂലം മുടി നഷ്ടപ്പെട്ടവർക്ക് സൗജന്യമായി വിഗ് നൽകുന്നതിനുള്ള വിഗ് നിർമാണ പദ്ധതിക്കും പ്രകൃതി സൗഹൃദ റീയൂസബിൾ സാനിറ്ററി നാപ്കിൻ നിർമാണത്തിനും അന്നേദിവസം തുടക്കമായി.

## സഹൃദയ ഫെസ്റ്റ് പുനരാരംഭിച്ചു

ജനങ്ങളിൽ സാമൂഹ്യപ്രതിബദ്ധത വളർത്തുക, ആരോഗ്യ,പരിസ്ഥിതി സൗഹൃദ ജീവിതശൈലി പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ സഹൃദയ നടത്തിവന്നിരുന്ന സഹൃദയ ഫെസ്റ്റ് പ്രദർശനം പുതിയഘട്ടത്തിന്റെ ഉദ്ഘാടനം തൃപ്പൂണിത്തുറ ഫൊറോനാ പള്ളിയിൽ നടത്തി. സഹൃദയ ഫെസ്റ്റ് സംഘടിപ്പിക്കാൻ താത്പര്യമുള്ള ഇടവകകൾ ഓഫിസുമായി ബന്ധപ്പെടുക.

## കേക്ക് നിർമാണ പരിശീലനം

നബാർഡുമായി സഹകരിച്ച് നടപ്പാക്കുന്ന സംരംഭകത്വവികസന പരിപാടിയുടെ ഭാഗമായി 30 വനിതകൾക്കായി കേക്ക്, ബേക്കറി ഉത്പന്ന നിർമാണത്തിൽ 13 ദിവസത്തെ പരിശീലനം അങ്കമാലിയിൽ സംഘടിപ്പിച്ചു. നൈപുണ്യ ഇന്സ്ടിട്യൂട്ടിന്റെ സഹകരണത്തോടെ സുബോധനയിലാണ് പരിശീലനം നടത്തിയത്.

## ജൻ ശിക്ഷൺ സൻസ്ഥാൻ പരിശീലനം

വിവിധ സ്വയംതൊഴിൽ പദ്ധതികളിൽ വനിതകൾക്ക് പരിശീലനം നൽകുന്ന ജൻ ശിക്ഷൺ സൻസ്ഥാൻ പദ്ധതിയുമായി സഹകരിച്ച്

വരാപ്പുഴ, വിമലഗിരി, വല്ലം എന്നിവിടങ്ങളിൽ ഹാൻഡ് എംബ്രോയ്ഡറി, ജാം ആൻഡ് ജെല്ലി മേക്കിങ് എന്നീ വിഷയങ്ങളിൽ 60 വനിതകൾക്ക് തൊഴിൽ പരിശീലനം സംഘടിപ്പിച്ചു.

**കർഷകർക്ക് പരിശീലനം**

നബാർഡിന്റെ സഹകരണത്തോടെ കാഞ്ഞൂർ, ചൊവ്വര, വെള്ളാരപ്പിള്ളി, ശ്രീമൂലനഗരം എന്നിവിടങ്ങളിൽ കർഷക കൂട്ടായ്മകൾ സംഘടിപ്പിച്ച് പരിശീലനങ്ങൾ നൽകി.

**സോളാർ ഓൺ ഗ്രിഡ് പദ്ധതി**

വൈദ്യുതി ബില്ലിൽ കാര്യമായ ലാഭം ലഭ്യമാക്കുന്ന സോളാർ പവർ സിസ്റ്റം ഇതുവരെ വിവിധ സ്ഥാപനങ്ങളിലും വീടുകളിലുമായി 50 കിലോ വാട്ട് ശേഷിയിൽ സഹൃദയയുടെ നേതൃത്വത്തിൽ സ്ഥാപിച്ചു നൽകിക്കഴിഞ്ഞു. മികച്ച ഗുണനിലവാരവും ഗ്യാരന്റിയും ഉള്ള സിസ്റ്റം മിതമായ നിരക്കിലാണ് സഹൃദയ സ്ഥാപിച്ചു നൽകുന്നത്. കൂടാതെ, സോളാർ വാട്ടർ ഹീറ്ററുകളും സ്ഥാപിച്ചു നൽകിവരുന്നു.

**ബയോഗ്യാസ് പ്ലാന്റുകൾ**

സി.എം.സി. എറണാകുളം പ്രോവിൻസിന്റെ സഹകരണത്തോടെ മാലിന്യസംസ്കരണത്തിനുള്ള അഞ്ച് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചു നൽകി.

**മാലിന്യസംസ്കരണ സെമിനാർ**

കുമ്പളങ്ങി കൃഷിഭവന്റെ സഹകരണത്തോടെ ഹരിത സംഘാംഗങ്ങൾക്കായി മാലിന്യസംസ്കരണ സെമിനാർ സംഘടിപ്പിച്ചു.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

## ഡിസംബർ 2020

22 ആന്റണി കരിയിൽ പിതാവ് രാവിലെ കെസിബിസി റിലീജിയസ് ഫോറത്തിന്റെ മീറ്റിംഗിൽ ഓൺലൈനിലൂടെ പങ്കെടുത്തു. വൈകിട്ട് തൃക്കാക്കര വിജോഭവൻ സന്ദർശിക്കുകയും വല്യച്ചന്മാരോടൊപ്പം ക്രിസ്മസ് ആഘോഷിക്കുകയും ചെയ്തു. തൃക്കാക്കര മൈനർ സെമിനാരിയിൽ ബ്രദേഴ്സിനോടൊപ്പം ക്രിസ്തുമസ് ആഘോഷത്തിൽ പങ്കുചേരുകയും ക്രിസ്മസ് സന്ദേശം നല്കുകയും ചെയ്തു.

24 ആന്റണി കരിയിൽ പിതാവ് രാവിലെ അരമനയിൽ അതിരൂപതാ കുടുംബത്തിന്റെ ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുക്കുകയും സന്ദേശം നല്കുകയും സമ്മാനങ്ങൾ കൊടുക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് വരാപ്പുഴ ബിഷപ്സ് ഹൗസ് സന്ദർശിക്കുകയും അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിൽ പിതാവിന് ക്രിസ്മസ് ആശംസകൾ അർപ്പിച്ചു.

25 ആന്റണി കരിയിൽ പിതാവ് അങ്കമാലി സെന്റ് ജോർജ് ബസിലിക്കയിൽ ക്രിസ്മസ് തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിക്കുകയും വചനസന്ദേശം നല്കുകയും ചെയ്തു. തുടർന്നുള്ള മീറ്റിംഗിൽ നിർദ്ധനരായ രണ്ട് കുടുംബങ്ങൾക്ക് പുതിയ വീടിന്റെ താക്കോൽ ദാനവും നടത്തി.

26 ആന്റണി കരിയിൽ പിതാവ് രാവിലെ വല്ലം ഫൊറോന പള്ളിയിൽ ഡീക്കൻ അഖിൽ ആപ്പാടന് വൈദികപട്ടം നൽകി.

27 ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് കൊരട്ടി സെന്റ് മേരീസ് ഫൊറോന പള്ളിയിൽ ഡീക്കൻ ജോബി കുഴുപ്പിൽ സി.എം.ഐ. ക്ക് വൈദികപട്ടം നൽകി.

28 ആന്റണി കരിയിൽ പിതാവ് രാവിലെ ചേർത്തല ലിസ്യു നഗർ പള്ളിയിൽ ഡീക്കൻ ജെറിൻ ചാക്കോച്ചിറ സി.എം.ഐ. യ്ക്ക് വൈദികപട്ടം നൽകി. ചാലിൽ പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

29 ആന്റണി കരിയിൽ പിതാവ് രാവിലെ കാരണക്കോടം സെന്റ് ജൂഡ് പള്ളിയിൽ ഡീക്കൻ റിജോ പെട്ട സി.എം.ഐ. യ്ക്ക് വൈദികപട്ടം നൽകി.

30 ആന്റണി കരിയിൽ പിതാവ് രാവിലെ മേലൂർ പള്ളിയിൽ ഡീക്കൻ ജിസ്മോൻ ആരമ്പിള്ളി, ഡീക്കൻ ലിജോയ് വടക്കുംഞ്ചേരി, ഡീക്കൻ സോണി മഞ്ഞളി എന്നിവർക്ക് വൈദികപട്ടം നൽകി.

31 ആന്റണി കരിയിൽ പിതാവ് രാവിലെ കോക്കമംഗലം സെന്റ് തോമസ് പള്ളിയിൽ ഡീക്കൻ ജോസി വടക്കേക്കാലായിൽ സി.എം.ഐ. യ്ക്ക് വൈദികപട്ടം നൽകി.

## ജനുവരി 2021

1 ജോർജ് ആലഞ്ചേരി പിതാവ് കത്തോലിക്ക കോൺഗ്രസ് മൗണ്ട് സെന്റ് തോമസിൽ നടത്തിയ പുതുവത്സര ആഘോഷങ്ങളിൽ പങ്കെടുത്തു.

2 ആന്റണി കരിയിൽ പിതാവ് രാവിലെ തുരുത്തിപ്പുറം സെന്റ് ലൂയീസ് പള്ളിയിൽ ഡീക്കൻ ജെസ്ലിൻ തെറ്റയിലിന് വൈദികപട്ടം നൽകി. വെണ്ണലയിൽ ബഹുമാനപ്പെട്ട ജേക്കബ് കോറോത്തച്ചന്റെ വന്ദ്യപിതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി.

3 ജോർജ് ആലഞ്ചേരി പിതാവ് തോട്ടുവ സെന്റ് ജോസഫ് പള്ളിയിൽ ആദ്യ കുർബാന നൽകി. എസ്.ഡി. സന്യാസ

സമൂഹം സംഘടിപ്പിച്ച ഓൺലൈൻ സൈക്കോ സ്പിരിച്ച്വൽ ആനിമേഷൻ പ്രോഗ്രാം ഉത്ഘാടനം ചെയ്തു.

ആന്റണി കരിയിൽ പിതാവ് രാവിലെ ചെങ്ങമനാട് സെന്റ് ആന്റണീസ് പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നല്കുകയും പുതുതായി നിർമിച്ച പള്ളി മേടയുടെ വെഞ്ചിരിപ്പ് കർമം നടത്തുകയും ചെയ്തു. ഉച്ച കഴിഞ്ഞ് കുടുംബകൂട്ടായ്മ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ആയുസ് ഹെൽത്ത് ക്ലബുകളുടെ ഉദ്ഘാടനം അരമനയിൽ നിർവഹിച്ചു.

4 ജോർജ് ആലഞ്ചേരി പിതാവ് പുത്തൻപള്ളി സെന്റ് ജോസഫ് പള്ളിയിൽ ഡീക്കൻ തോമസ് തേറുള്ളിക്ക് വൈദി കപട്ടം നൽകി. കത്തോലിക്ക കോൺഗ്രസിന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. കർഷക വർഷം ഉത്ഘാടനം ചെയ്തു.

ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് ആലുവ അശോ കപുരം സെന്റ് സെബാസ്റ്റ്യൻ പള്ളിയിൽ ഡീക്കൻ ജോൺപോൾ തെറ്റയിലിന് വൈദികപട്ടം നൽകി. വൈകു ന്നേരം ആലുവ എഫ്.സി.സി. സിസ്റ്റേഴ്സിന്റെ പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു. അശോകപുരം പള്ളി വികാരി ബഹു. ആന്റണി പുതിയാപറമ്പിലച്ചന്റെ രജതജൂ ബിലിയുടെ മീറ്റിംഗിൽ പങ്കെടുത്ത് ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

5 ജോർജ് ആലഞ്ചേരി പിതാവ് ചാത്തമ്മ നിത്യസഹായമാതാ പള്ളിയിൽ ഡീക്കൻ സേവ്യർ പാണാട്ടിന് വൈദികപട്ടം നൽകി.

6 ജോർജ് ആലഞ്ചേരി പിതാവ് സീറോമലബാർ സഭയുടെ പ്രേഷിത വാരം ഉത്ഘാടനം ചെയ്തു. മൗണ്ട് സെന്റ്

തോമസിൽ നടത്തിയ PDDP യുടെ വാർഷിക സമ്മേളനം ഉത്ഘാടനം ചെയ്യുകയും ഉൽപ്പന്ന പ്രകാശനം നിർവഹിക്കുകയും ചെയ്തു.

ആന്റണി കരിയിൽ പിതാവ് രാവിലെ സെന്റ് തോമസ് മൗണ്ടിൽ വച്ച് പി.ഡി.ഡി.പി. കാലടിയുടെ നേതൃത്വത്തിൽ നടന്ന ന്യു പ്രോഡക്ട് ലോഞ്ചിംഗ്, അവാർഡ് ദാനചടങ്ങിലും പങ്കെടുത്ത് ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

8 ജോർജ് ആലഞ്ചേരി പിതാവ് കേരള മെത്രാൻ സമിതിയുടെ ഓൺലൈൻ ന്യൂസ് പോർട്ടൽ മൗണ്ട് സെന്റ് തോമസിൽ വച്ചു പ്രകാശനം നിർവഹിച്ചു. സീറോമലബാർ സഭയിലെ വിവിധ മേജർ സെമിനാരികളിലെ മേജർ സുപ്പീരിയേഴ്സുമായി ഓൺലൈൻ വീഡിയോ കോൺഫറൻസിങ് നടത്തി. പെർമനെന്റ് സിനഡ് മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് മൗണ്ട് സെന്റ് തോമസിൽ നടന്ന പെർമനന്റ് സിനഡിൽ പങ്കെടുത്തു.

9 ജോർജ് ആലഞ്ചേരി പിതാവ് MCBS സഭയിലെ നവവൈദികർക്കു മൗണ്ട് സെന്റ് തോമസിൽ വച്ചു ആശംസകൾ നേർന്നു. കണ്ടനാട് പള്ളിയിൽ ബ. മാത്യു പൈനുങ്കലച്ചന്റെ മൃതദേഹസംസ്ക്കാര ശുശ്രുഷയുടെ അവസാന ഭാഗങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് കണ്ടനാട് ഉണ്ണിമിശിഹാ പള്ളിയിൽ ബഹു. മാത്യു പൈനുങ്കൽ അച്ചന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു. വൈകിട്ട് ഓൺലൈനിലൂടെ വല്ലം ഫൊറോന പള്ളിയിലെ വുമൺ വെൽഫെയറിന്റെ നേതൃത്വത്തിൽ നടന്ന പ്രവർത്തന വർഷ യോഗം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

10 ജോർജ് ആലഞ്ചേരി പിതാവ് പ്രേഷിത വാരത്തോടനുബന്ധിച്ചു സീറോമലബാർ മിഷൻ സംഘടിപ്പിച്ച വെബിനാർ ഉദ്ഘാടനം ചെയ്തു. 29-ാമത് (ഓൺലൈൻ) സിനഡ് ഉദ്ഘാടനം ചെയ്യുകയും ആറു ദിവസം നീണ്ടുനിന്ന സിനഡിൽ പങ്കെടുക്കുകയും ചെയ്തു.

ആന്റണി കരിയിൽ പിതാവ്, രാവിലെ പുതുതായി പണികഴിപ്പിച്ച കവരപറമ്പ് ലിറ്റിൽ ഫ്ളവർ പള്ളിയുടെ കൂദാശ കർമ്മം നിർവഹിക്കുകയും വചനസന്ദേശം നല്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് ഓൺലൈനിലൂടെ Spandan Welfare Project-ന്റെ മീറ്റിംഗിൽ പങ്കെടുത്തു.

11-16 ആന്റണി കരിയിൽ പിതാവ്, സീറോമലബാർ സിനഡിൽ ഓൺലൈനിലൂടെ മൗണ്ട് സെന്റ് തോമസിൽ നിന്നും പങ്കെടുത്തു.

13 ജോർജ് ആലഞ്ചേരി പിതാവ്, കാരക്കുന്നം സെന്റ് മേരീസ് പള്ളിയിൽ വി. കുർബാന അർപ്പിച്ചു. കാരക്കുന്നം ജീവ കർഷക ഉത്പാദകസംഘത്തിന്റെ ലോഗോ പ്രകാശനം ചെയ്തു.

15 ജോർജ് ആലഞ്ചേരി പിതാവ് മൗണ്ട് സെന്റ് തോമസിൽ വച്ച് ഇൻഫാം നടത്തിയ കർഷക ദിനാഘോഷം ഉദ്ഘാടനം ചെയ്തു.

16 ജോർജ് ആലഞ്ചേരി പിതാവ് 'വേദിക്ക് അക്കാഡമി'യുടെ ഉദ്ഘാടന സമ്മേളനത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തി.

17 ആന്റണി കരിയിൽ പിതാവ് രാവിലെ കുത്തിയതോട് മണത്തറ മണവാളൻ ഷിബിന്റെ മൃതസംസ്കാരശുശ്രൂഷയിൽ വീട്ടിലെ കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

18 ജോർജ് ആലഞ്ചേരി പിതാവ് CSI മധ്യ കേരള ബിഷപ്പായി

തിരഞ്ഞെടുക്കപ്പെട്ട സാബു കെ. ചെറിയാനെ ആദരിക്കാൻ കോട്ടയം ഹോളി ട്രിനിറ്റി കത്തീഡ്രലിൽ ചേർന്ന യോഗത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു.

ആന്റണി കരിയിൽ പിതാവ് രാവിലെ കീച്ചേരി പള്ളിയിൽ ഡീക്കൻ ഫ്രെഡി കോട്ടൂരിന് വൈദികപട്ടം നൽകി. ഉച്ചകഴിഞ്ഞ് പൊന്നുരുന്നിയിൽ സഹൃദയ വെൽഫെയർ സർവീസസിന്റെ നേതൃത്വത്തിൽ നടന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ വിജയികളായവരെ അനുമോദിക്കുന്ന യോഗത്തിൽ പങ്കെടുത്ത് അവരെ ആദരിച്ചു. വൈകിട്ട് അരമനയിൽ നടന്ന എറണാകുളം ലിസി ഹോസ്പിറ്റലിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

19 ജോർജ് ആലഞ്ചേരി പിതാവ് ഇന്ത്യൻ പ്രധാന മന്ത്രിയുമായി കൂടിക്കാഴ്ച നടത്തി.

ആന്റണി കരിയിൽ പിതാവ് രാവിലെ തൃപ്പൂണിത്തുറ ഫൊറോന പള്ളിയിൽ ബഹു. ജോൺ തൈപ്പറമ്പിൽ അച്ചന്റെ വന്ദ്യപിതാവിന്റെ 40-ാം ചരമദിനത്തോടനുബന്ധിച്ചുള്ള വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു. വൈകിട്ട് അരമനയിൽ, അതിരൂപതയ്ക്കുവേണ്ടി വൈദികപട്ടമേറ്റ നവവൈദികർക്ക് സ്വീകരണം നല്കി.

20 ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് മുട്ടം ഫൊറോന പള്ളിയിൽ വിശുദ്ധ സെബസ്ത്യാനോസിന്റെയും പരിശുദ്ധ കന്യകാമറിയത്തിന്റെയും തിരുനാളിനോടനുബന്ധിച്ചുള്ള വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിച്ച് വചനസന്ദേശം നല്കി.

21 ജോർജ് ആലഞ്ചേരി പിതാവ് മംഗലപ്പുഴ സെമിനാരിയിൽ നടന്ന എസ്എച്ച്. ലീഗിന്റെ ശതാബ്ദി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് തെക്കൻ പറവൂരിൽ വച്ച് നടന്ന എസ്.എ.ബി.എസ്. സിസ്റ്റേഴ്സിന്റെ മഠത്തിന്റെയും ചാപ്പലിന്റെയും വെഞ്ചിരിപ്പ് കർമ്മത്തിൽ മുഖ്യകാർമികത്വം വഹിച്ചു. വൈകിട്ട് ഓൺലൈനിലൂടെ നടന്ന എറണാകുളം ലിസി ഹോസ്പിറ്റൽ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

22 ജോർജ് ആലഞ്ചേരി പിതാവ് എറണാകുളം സെന്റ് തെരേസാസ് കോളേജിൽ നടന്ന കെ. വി. തോമസ് വിദ്യാധനം സ്കോളർഷിപ്പ് പരിപാടി ഉദ്ഘാടനം ചെയ്തു. സീറോമലബാർ എക്യുമെനിക്കൽ കമ്മീഷൻ സംഘടിപ്പിച്ച 'എക്യുമെനിക്കൽ പ്രാർത്ഥന സംഗമം' ഉദ്ഘാടനം ചെയ്തു.

23 ജോർജ് ആലഞ്ചേരി പിതാവ് വേദപാഠ കമ്മീഷന്റെ നേതൃത്വത്തിൽ സിംഗപ്പൂർ സീറോമലബാർ സംഘടിപ്പിച്ച ഓൺലൈൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

ആന്റണി കരിയിൽ പിതാവ് രാവിലെ ഈസ്റ്റ് ചോരാനെല്ലൂർ പള്ളിയിൽ ഡീക്കൻ ഷെൽബിൻ മാണിക്കത്താന് (ഐ.എച്ച്.സി.എസ്.) വൈദികപട്ടം നൽകി. ഉച്ചയ്ക്ക് തോട്ടുമുഖം എസ്.ഡി. ജനറലേറ്റ് സന്ദർശിക്കുകയും ജനറൽ സിനാക്സിസിനെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും ചെയ്തു.

24 ജോർജ് ആലഞ്ചേരി പിതാവ് കൂത്രപ്പള്ളി SABS കോൺവെന്റിൽ നടന്ന രജത ജൂബിലിയോടനുബന്ധിച്ചു വിശുദ്ധ കുർബാന അർപ്പിച്ചു. കെസിബിസി മീഡിയ കമ്മീഷന്റെ നേതൃത്വത്തിൽ പി.ഒ.സി. യിൽ ആരംഭിച്ച ALTER പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് പള്ളിപ്പുറം സെന്റ് മേരീസ് ഫൊറോന പള്ളിയിലെ ദർശന തിരുനാളിനോട

നുബന്ധിച്ചുള്ള വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിക്കുകയും, അതിരൂപതാ ആർക്കിവിസ്റ്റ് ബഹു. ഇഗ്നേഷ്യസ് പയ്യപ്പിള്ളി അച്ചൻ രചിച്ച *നസ്രാണികളും കൊഗ്രേരിയകളും* എന്ന പുസ്തകം പ്രകാശനം ചെയ്ത് സംസാരിക്കുകയും ചെയ്തു.

25 ആന്റണി കരിയിൽ പിതാവ് രാവിലെ തൃക്കാക്കര സി.എസ്.റ്റി. ജനറലേറ്റിൽ നടന്ന ജനറൽ സിനാക്സിസിനോട് അനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും വചനസന്ദേശം നല്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ്, അതിരൂപതയിലെ കൊച്ചച്ചന്മാരുടെ യോഗത്തിൽ പങ്കെടുത്ത് അവർക്ക് സ്ഥലംമാറ്റ പത്രോത്തികൾ നൽകി.

26 ജോർജ് ആലഞ്ചേരി പിതാവ് പെർമനൻറ് സിനഡ് (ഓൺലൈൻ) മീറ്റിംഗിൽ ആദ്യക്ഷ്യം വഹിച്ചു.

27 ജോർജ് ആലഞ്ചേരി പിതാവ് ക്ലർജി കമ്മീഷന്റെ നേതൃത്വത്തിൽ സീറോമലബാർ സഭയിലെ നവ വൈദികരെ ഉൾപ്പെടുത്തിയുള്ള ഓൺലൈൻ യോഗം ഉദ്ഘാടനം ചെയ്യുകയും ക്ലർജി കമ്മീഷന്റെ പുതിയ വെബ്സൈറ്റ് പ്രകാശനം ചെയ്യുകയും ചെയ്തു.

28 ജോർജ് ആലഞ്ചേരി പിതാവ് തൃശ്ശൂർ പാറോക്ക് റിസേർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ നടന്ന വെബിനാർ ഉദ്ഘാടനം ചെയ്തു.

29 ജോർജ് ആലഞ്ചേരി പിതാവ് ഇന്റർചർച് കൗൺസിൽ സംഘടിപ്പിച്ച വിവിധ സഭകളുടെ അധികാരികളുമായി ചേർന്ന യോഗത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു.

30 ജോർജ് ആലഞ്ചേരി പിതാവ് പി.ഒ.സി. യിൽ നടന്ന KCYM-ന്റെ നാല്പത്തിമൂന്നാമതു സെനറ്റ് മീറ്റിംഗ്

ഉദ്ഘാടനം ചെയ്തു. നവോദയ സ്റ്റുഡിയോ ക്യാമ്പസിൽ ആരംഭിച്ച ജീസസ് യൂത്ത് ഇന്റർനാഷണൽ സ്റ്റുഡിയോ ഉദ്ഘാടനം ചെയ്തു.

**ഫെബ്രുവരി 2021**

1 ജോർജ് ആലഞ്ചേരി പിതാവ് തോട്ടുമുഖം എസ്.ഡി. ജനറലേറ്റിൽ ജനറൽ സിനാക്സിസി നോടനുബന്ധിച്ചു വിശുദ്ധ കുർബാന അർപ്പിച്ചു.

2 ജോർജ് ആലഞ്ചേരി പിതാവ് കേരള മുഖ്യമന്ത്രിയുമായുള്ള ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

3 ജോർജ് ആലഞ്ചേരി പിതാവ് ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ നടന്ന നവതി ആഘോഷങ്ങളിൽ പങ്കെടുത്ത് വിശുദ്ധ കുർബാന അർപ്പിച്ചു.

9 ജോർജ് ആലഞ്ചേരി പിതാവ് കാഞ്ഞിരപ്പള്ളിയിൽ നടന്ന മാർ മാത്യു അറക്കൽ പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് വിശുദ്ധ കുർബാന അർപ്പിച്ചു.

11 ജോർജ് ആലഞ്ചേരി പിതാവ് ചങ്ങനാശ്ശേരിയിൽ നടന്ന കർദിനാൾ മാർ ആന്റണി പടിയറ പിതാവിന്റെ ജന്മശതാബ്ദി സമ്മേളനം ഉദ്ഘാടനം ചെയ്തു.

14 ജോർജ് ആലഞ്ചേരി പിതാവ് കേരള ജെസ്യൂട്ട് പ്രവിശ്യ സംഘടിപ്പിച്ച സി. എൽ. സി. ഓൺലൈൻ ട്രെയിനിങ് പ്രോഗ്രാമിനു അനുഗ്രഹ പ്രഭാഷണം നടത്തി.

* * * * *

Statement about Ownership and other Particulars
about Newspaper **ERNAKULAM MISSAM**

| | | | |
|---|---|---|---|
| 1. | Place of publication | | Ernakulam |
| 2. | Periodicity of its publication | | Monthly |
| 3. | Printer's | Name | Fr. Jose Pollayil |
| | | Nationality | Indian |
| | | Address | Major Archbishop's House, Ernakulam P.B.No. 2580, Kochi 682031. |
| 4. | Publisher's | Name | Fr. Jose Pollayil |
| | | Nationality | Indian |
| | | Address | Major Archbishop's House, Ernakulam P.B.No. 2580, Kochi 682031. |
| 5. | Editor's | Name | Fr. Varghese Perumayan |
| | | Nationality | Indian |
| | | Address | Major Archbishop's House, Ernakulam P.B.No. 2580, Kochi 682031. |
| 6. | Name and address of individual who own the newspaper and partners or shareholders holding more than one percent of the total capital | | Archbishop of Ernakulam Major Archbishop's House, Ernakulam P.B.No. 2580, Kochi 682031. |

I, Fr. Jose Pollayil, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Publisher

Date: 01/03/2021

# ആദരാഞ്ജലികൾ

## മാർ ജോസഫ് പാസ്റ്റർ നീലങ്കാവിൽ

### സാഗർ രൂപത മുൻ അദ്ധ്യക്ഷൻ

മരണം : 17-02-2021



Registered No. KL/EKM/746/2019-21

RNI No. 3421/57
Date of Publication: 01.03.2021

Annual Subscription ₹ 150
Per Copy ₹ 15

എറണാകുളം-അങ്കമാലി മേജർ അതിരൂപതാ ബുള്ളറ്റിൻ
ERNAKULAM MISSAM




*O Blessed Joseph, you gave your last breath in the loving embrace of Jesus and Mary. When the seal of death shall close my life, come with Jesus and Mary to aid me.*
*Obtain for me this solace for that hour -*
*to die with their holy arms around me.*
*Jesus, Mary and Joseph, I commend my soul, living and dying, into your sacred arms. Amen.*

Printed and Published by Fr. Jose Pollayil, on behalf of the Archbishop of Ernakulam, Major Archbishop's House, P.B. No. 2580, Broadway, Ernakulam, Kerala - 682 031 and Printed at Viani Printings, Viani Buildings, No. XXXIX/1524, Lisie Hospital Road, Ernakulam, Kochi, Kerala - 682 018 and Published from Major Archbishop's House P.B. No. 2580, Broadway, Ernakulam, Kerala - 682 031.
Editor: Fr. Varghese Perumayan